**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

സബ്ജക്ട് കമ്മിറ്റി **III**

**(SUBJECT COMMITTEE III)**

**ജലവിഭവം**

# (WATER RESOURCES)

**2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

# REPORT OF ACTION TAKEN ON THE SECOND REPORT ON THE SCRUTINY OF DEMANDS FOR GRANTS (2022-2023 )

**2023 സെപ്റ്റംബർ 12-ാം തീയതി സമർപ്പിച്ചത്**

**(Presented on 12th september, 2023)**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**

**തിരുവനന്തപുരം**

**SECRETARIAT OF THE KERALA LEGISLATURE**

**THIRUVANANTHAPURAM**

**2023**

**പതിനഞ്ചാം കേരള നിയമസഭ**
**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

**സബ്ജക്ട് കമ്മിറ്റി III**
**(SUBJECT COMMITTEE III)**

**ജലവിഭവം**
**(WATER RESOURCES)**

**2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

**REPORT OF ACTION TAKEN ON THE SECOND REPORT ON THE SCRUTINY OF DEMANDS FOR GRANTS (2022-2023)**

# ഉള്ളടക്കം

| | | | |
|---|---|---|---|
| | | | **പേജ്** |
| സമിതിയുടെ ഘടന | | .. | v |
| അവതാരിക | | .. | vii |
| റിപ്പോർട്ട് | | | |
| അധ്യായം I : | ശിപാർശകളും സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയും | | ...1 |
| അധ്യായം II : | സർക്കാരിൽ നിന്നും മറുപടി ലഭ്യമാക്കാത്ത ശിപാർശകൾ | ... | 76 |

## സബ്ജക്ട് കമ്മിറ്റി III

(ജലവിഭവം)
(2021-23)

### ഘടന

<u>ചെയർമാൻ</u>

ശ്രീ. റോഷി അഗസ്റ്റിൻ,
ജലവിഭവ വകുപ്പ് മന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. എ. മജീദ്

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. മാണി സി. കാപ്പൻ

ശ്രീ. കെ. ജെ. മാക്സി

ശ്രീ. എച്ച്. സലാം

ശ്രീ. ടി. സിദ്ദിഖ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി.

# അവതാരിക

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ ചെയർമാനായ ഞാൻ, 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി III-ന്റെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 27.06.2022-ന് സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെയുള്ള 101 ശിപാർശകളിന്മേലും സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ 16-08-2023-ൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിയ്ക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് അധ്യായങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം അധ്യായത്തിൽ സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ അനന്തര നടപടിക്കുറിപ്പും, രണ്ടാം അധ്യായത്തിൽ വകുപ്പിൽ നിന്നും മറുപടി ലഭ്യമാക്കാത്ത ശിപാർശകളും ഉൾപ്പെടുത്തിയിരിക്കുന്നു.

2023 ആഗസ്റ്റ് 16-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2023 സെപ്റ്റംബർ 12.

റോഷി അഗസ്റ്റിൻ,
ചെയർമാൻ,
സബ്ജക്ട് കമ്മിറ്റി III.

# റിപ്പോർട്ട്

# അദ്ധ്യായം 1

## സമിതിയുടെ ശിപാർശകളും അവ സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

### ശിപാർശ

**2215-01-003-99** - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം - പരിശീലനം - ഐ.ഇ.സി. പരിശീലനം ജലശ്രീ ക്ലബ്ബ്

ജല സാക്ഷരതയ്ക്കും പരിസര ശുചിത്വത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പൊതുസമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള പ്രചരണ പരിപാടികളും പരിശീലനങ്ങളും സംഘടിപ്പിക്കുന്നതിനായി ജലശ്രീ ക്ലബ്ബുകൾ സംസ്ഥാന വ്യാപകമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പതിനായിരത്തോളം വരുന്ന സർക്കാർ-എയിഡഡ് ഹൈസ്കൂളുകളിലും ഹയർസെക്കന്ററി സ്കൂളുകളിലും ജലശ്രീ ക്ലബ്ബ് മാർഗ്ഗരേഖ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിനും ജലസംബന്ധമായി ജില്ല, സംസ്ഥാന തലങ്ങളിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ജലസംബന്ധമായ മത്സരങ്ങൾ, സെമിനാറുകൾ, പ്രദർശനങ്ങൾ, പരിശീലന പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

### സ്വീകരിച്ച നടപടി

പദ്ധതിയ്ക്കുള്ള ഭരണാനുമതി 20-09-2022 -ൽ ലഭ്യമാക്കി. അതനുസരിച്ച് 15 ലക്ഷം രൂപ അനുവദിക്കുന്നതിന് സർക്കാരിലേയ്ക്ക് ജലനിധി പ്രൊപ്പോസൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ 9.6 ലക്ഷം രൂപ അനുവദിച്ചു. പ്രസ്തുത സാമ്പത്തിക വർഷത്തിൽ കൂടുതൽ തുക ചെലവഴിക്കാൻ സാധിക്കാത്തതിനാൽ അധിക തുക അനുവദിച്ചില്ല.

**ശിപാർശ**

**2215 - 01-004-99** - <u>ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം-ഗവേഷണം-എന്റർപ്രൈസ് റീസോഴ്സ് പ്ലാനിംഗ്.</u>

കേരള ജല അതോറിറ്റിയിൽ കേന്ദ്ര ഡേറ്റാബേസ് മാനേജ്മെന്റ് പ്രാവർത്തികമാക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നിർവ്വഹണത്തിനുമായി ഈ ശീർഷകത്തിൽ 2.38 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

**<u>സ്വീകരിച്ച നടപടി</u>**

2.38 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2022-23 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം : 100.00 ലക്ഷം രൂപ

- 2022-23 BIMS ൽ അനുവദിച്ച തുക : 65 ലക്ഷം രൂപ
- BIMS ൽ സമർപ്പിച്ച ബില്ലുകൾ : 62.88 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 4.41 ലക്ഷം രൂപ
- B D S ലേക്ക് മാറ്റിയ ബില്ലുകൾ : 58.47 ലക്ഷം രൂപ
- 31.03.2023 ലെ കുടിശ്ശിക ബില്ലുകൾ : 58.47 ലക്ഷം രൂപ

BIMS-ഇൽ ബില്ലുകൾ നൽകുവാനുള്ള പരിധി ബജറ്റ് വിഹിതത്തിന്റെ 33 ശതമാനത്തിൽ നിന്ന് 65 ശതമാനയായി കേരളാ വാട്ടർ അതോറിറ്റിക്ക് സർക്കാർ ഉയർത്തി നൽകിയത് 22-03-2023 നാണ്. ഇതോടൊപ്പം തന്നെ ബില്ലുകൾ B.D.S ലേക്ക് മാറാനുള്ള പരിധി 25 ലക്ഷത്തിൽ നിന്ന് 10 ലക്ഷമായി കുറച്ചു. 2023 മാർച്ച് മാസം B.D.S ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ കുടിശിക ബില്ലുകൾ പൂർണ്ണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

**ശിപാർശ**

**2215 -01-101-97 - (01)** - <u>ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - നഗര ശുദ്ധ ജലവിതരണ പദ്ധതി - കേരളാ പരിപ്രേക്ഷ്യ പദ്ധതി 2030 മുൻഗണനാ പദ്ധതികൾ നടപ്പാക്കൽ- നവീന സാങ്കേതിക വിദ്യകളും ആധുനിക മാനേജ്മെന്റ് സമ്പ്രദായം</u>

കുടിശ്ശിക ബിൽതുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 7.61545 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

**<u>സ്വീകരിച്ച നടപടി</u>**

7.61545 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2022-23 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.
ബജറ്റ് വിഹിതം : 100.00 ലക്ഷം രൂപ

- 2022-23 ൽ BIMS ൽ അനുവദിച്ച തുക : 65 ലക്ഷം രൂപ
- BIMS ൽ സമർപ്പിച്ച ബില്ലുകൾ : 103.62 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 23.37 ലക്ഷം രൂപ
- B D S ലേക്ക് മാറ്റിയ ബില്ലുകൾ : 80.25 ലക്ഷം രൂപ
- 31.03.2023 ലെ കുടിശ്ശിക ബില്ലുകൾ : 287.09 ലക്ഷം രൂപ

BIMS-ഇൽ ബില്ലുകൾ നൽകുവാനുള്ള പരിധി ബജറ്റ് വിഹിതത്തിന്റെ 33 ശതമാനത്തിൽ നിന്ന് 65 ശതമാനയായി കേരളാ വാട്ടർ അതോറിറ്റിക്ക് സർക്കാർ ഉയർത്തി നൽകിയത് 22-03-2023 നാണ്. ഇതോടൊപ്പം തന്നെ ബില്ലുകൾ B.D.S ലേക്ക് മാറാനുള്ള പരിധി 25 ലക്ഷത്തിൽ നിന്ന് 10 ലക്ഷമായി കുറച്ചു. മാർച്ച് മാസം B.D.S ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. കേരളാ വാട്ടർ അതോറിറ്റി 100% ഫണ്ടിന് വേണ്ടിയുള്ള അഭ്യർത്ഥന നൽകിയിരുന്നെങ്കിലും ആയത് അനുവദിച്ചു നൽകിയിരുന്നില്ല.

**ശിപാർശ**

**2215 -01-190-99- (01)** - <u>ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം-പരിവേഷണവും സൂക്ഷ്മപരിശോധനയും</u>

കുടിശ്ശിക ബിൽതുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1.9583 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

**<u>സ്വീകരിച്ച നടപടി</u>**

1.95 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2022-23 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം : 110.00 ലക്ഷം രൂപ

- 2022-23 ൽ BIMS ൽ അനുവദിച്ച തുക : 71.50 ലക്ഷം രൂപ
- BIMS ൽ സമർപ്പിച്ച ബില്ലുകൾ : 83.24 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 71.43 ലക്ഷം രൂപ
- B D S ലേക്ക് മാറ്റിയ ബില്ലുകൾ : 11.81 ലക്ഷം രൂപ
- 31.03.2023 ലെ കുടിശ്ശിക ബില്ലുകൾ : 141.83 ലക്ഷം രൂപ

BIMS-ഇൽ ബില്ലുകൾ നൽകുവാനുള്ള പരിധി ബജറ്റ് വിഹിതത്തിന്റെ 33 ശതമാനത്തിൽ നിന്ന് 65 ശതമാനയായി കേരളാ വാട്ടർ അതോറിറ്റിക്ക് സർക്കാർ ഉയർത്തി നൽകിയത് 22-03-2023 നാണ്. ഇതോടൊപ്പം തന്നെ ബില്ലുകൾ B.D.S ലേക്ക് മാറാനുള്ള പരിധി 25 ലക്ഷത്തിൽ നിന്ന് 10 ലക്ഷമായി കുറച്ചു. മാർച്ച് മാസം B.D.S ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. കേരളാ വാട്ടർ അതോറിട്ടി ഫണ്ടിന് വേണ്ടിയുള്ള അഭ്യർത്ഥന നൽകിയിരുന്നെങ്കിലും ആയത് അനുവദിച്ചു നൽകിയിരുന്നില്ല.

**ശിപാർശ**

**2215 - 01-190-99(19)- 31** - ശുദ്ധജലവിതരണവും ശുചീകരണവും -ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം - സഹായധനം - ശമ്പളം

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും ജലവിതരണ വിഭാഗം ജീവനക്കാരുടെ ശമ്പളം, പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവ നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 999.19 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

**<u>സ്വീകരിച്ച നടപടി</u>**

999.19 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2022-23 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.
ബജറ്റ് വിഹിതം : 18747.14 ലക്ഷം രൂപ

- 2022-23 ൽ അനുവദിച്ച തുക : 11361.92 ലക്ഷം രൂപ
- ചെലവായ തുക : 11361.92 ലക്ഷം രൂപ

31.03.2023 ൽ റവന്യൂ വിഭാഗത്തിൽ ഈ ശീർഷകത്തിൽ 8471.00 ലക്ഷം രൂപയുടെ ചെലവുകൾ കുടിശ്ശികയായുണ്ട്. കേരളാ വാട്ടർ അതോറിറ്റി ഫണ്ടിന് വേണ്ടിയുള്ള അഭ്യർത്ഥന നൽകിയിരുന്നെങ്കിലും ബജറ്റ് വിഹിതം പൂർണമായി അനുവദിച്ചു നൽകിയിരുന്നില്ല.

**ശിപാർശ**

**2215 -01-190-99(19)- 36** - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം - സഹായധനം - ശമ്പളേതരം.

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും അടിയന്തര പ്രാധാന്യമുള്ള ചെലവുകളായ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കുമായി ഈ ശീർഷകത്തിൽ 1696.1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

## സ്വീകരിച്ച നടപടി

അധിക തുക കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അനുവദിച്ച് നൽകിയിരുന്നില്ല.

2022-23 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.
ബജറ്റ് വിഹിതം : 13391.38 ലക്ഷം രൂപ

- 2022-23 ൽ അനുവദിച്ച തുക : 5356.56 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 5356.56 ലക്ഷം രൂപ

31.03.2023 ൽ റവന്യൂ വിഭാഗത്തിൽ ഈ ശീർഷകത്തിൽ 176102.00 ലക്ഷം രൂപയുടെ ചെലവുകൾ കുടിശ്ശികയായുണ്ട്. ബജറ്റ് വിഹിതം പൂർണമായി അനുവദിച്ച നൽകാത്തതിനാൽ തുക പൂർണമായും വിനിയോഗിക്കാൻ കഴിഞ്ഞില്ല.

## ശിപാർശ

**2215 -01-190-96** - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കുപ്പിവെള്ളം നിർമ്മാണ യൂണിറ്റ്.

അരുവിക്കരയിലെ കുപ്പിവെള്ള നിർമ്മാണ യൂണിറ്റിന്റെ ഇതുവരെയുള്ള പ്രവൃത്തികളുടെ കുടിശ്ശിക തുക പൂർണ്ണമായി കൊടുത്ത് തീർക്കുന്നതിന് 2.3 കോടി രൂപയും പെരുവണ്ണാമൂഴി കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം നിർവ്വഹിക്കേണ്ട പ്രവൃത്തികൾക്കായി 10 കോടി രൂപയും ചേർത്ത് ഈ ശീർഷകത്തിൽ 12.3 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

## സ്വീകരിച്ച നടപടി

12.30 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2022-23 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.
ബജറ്റ് വിഹിതം : 90.00 ലക്ഷം രൂപ

- 2022-23 ൽ BIMS ൽ അനുവദിച്ച തുക : 52.20 ലക്ഷം രൂപ
- BIMS ൽ സമർപ്പിച്ച ബില്ലുകൾ : 63.10 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : ഇല്ല
- B D S ലേക്ക് മാറ്റിയ ബില്ലുകൾ : 63.10 ലക്ഷം രൂപ
- 31.03.2023 ലെ കുടിശ്ശിക ബില്ലുകൾ : 63.10 ലക്ഷം രൂപ

BIMS-ഇൽ ബില്ലുകൾ നൽകുവാനുള്ള പരിധി ബജറ്റ് വിഹിതത്തിന്റെ 33 ശതമാനത്തിൽ നിന്ന് 65 ശതമാനയായി കേരളാ വാട്ടർ അതോറിറ്റിക്ക് സർക്കാർ ഉയർത്തി നൽകിയത് 22-03-2023 നാണ്. ഇതോടൊപ്പം തന്നെ ബില്ലുകൾ B.D.S ലേക്ക് മാറാനുള്ള പരിധി 25 ലക്ഷത്തിൽ നിന്ന് 10 ലക്ഷമായി കുറച്ചു. മാർച്ച് മാസം B.D.S ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ കുടിശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

### ശിപാർശ

**2215 -01-190-92** - <u>ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം</u>

കേരള ജല അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ അതിർത്തി അളന്ന് നിശ്ചയിച്ച് ചുറ്റമതിൽ നിർമ്മിക്കുന്നതിനും ജലശുദ്ധീകരണ ശാലകൾ, പമ്പ് ഹൗസുകൾ, ജലസംഭരണികൾ, ഡാമുകൾ എന്നിവയുടെ നവീകരണത്തിനും സ്റ്റാഫ് ക്വാർട്ടേഴ്സ്, ഓഫീസ് കെട്ടിടങ്ങൾ എന്നിവയുടെ സംരക്ഷണത്തിനും വാർഷിക അറ്റകുറ്റപ്പണികൾക്കും കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടപ്പ് സാമ്പത്തിക വർഷത്തെ ചെലവുകൾക്കുമായി ഈ

ശീർഷകത്തിൽ 41.9279 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

## സ്വീകരിച്ച നടപടി

41.92 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2022-23 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.
ബജറ്റ് വിഹിതം : 500.00 ലക്ഷം രൂപ

- 2022-23 ൽ BIMS ൽ അനുവദിച്ച തുക : 325 ലക്ഷം രൂപ
- BIMS-ൽ സമർപ്പിച്ച ബില്ലുകൾ : 398.27 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 185.53 ലക്ഷം രൂപ
- B D S ലേക്ക് മാറ്റിയ ബില്ലുകൾ : 212.74 ലക്ഷം രൂപ
- 31.03.2023 ലെ കുടിശ്ശിക ബില്ലുകൾ : 1535.21 ലക്ഷം രൂപ

BIMS-ൽ ബില്ലുകൾ നൽകുവാനുള്ള പരിധി ബജറ്റ് വിഹിതത്തിന്റെ 33 ശതമാനത്തിൽ നിന്ന് 65 ശതമാനയായി കേരളാ വാട്ടർ അതോറിറ്റിക്ക് സർക്കാർ ഉയർത്തി നൽകിയത് 22-03-2023 നാണ്. ഇതോടൊപ്പം തന്നെ ബില്ലുകൾ B.D.S ലേക്ക് മാറാനുള്ള പരിധി 25 ലക്ഷത്തിൽ നിന്ന് 10 ലക്ഷമായി കുറച്ചു . മാർച്ച് മാസം B.D.S ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. കേരളാ വാട്ടർ അതോറിറ്റി ഫണ്ടിന് വേണ്ടിയുള്ള അഭ്യർത്ഥന നൽകിയിരുന്നെങ്കിലും ആയത് അനുവദിച്ചു നൽകിയിരുന്നില്ല.

## ശിപാർശ

**2215 -01-190-88** - <u>ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - ഇ - ഗവേർണൻസ് ജി. ഐ.എസ്. ഉം ഇൻഫർമേഷൻ മാനേജ്മെന്റും</u>

ഭരണ സംവിധാനം പൂർണ്ണമായും പേപ്പർ രഹിതമാക്കുന്നതിനാവശ്യമായ കമ്പ്യൂട്ടർ/ലാപ്ടോപ്പുകൾ അനുബന്ധ സാമഗ്രികളായ പ്രിന്റർ, കോപ്പിയർ, സ്കാനർ എന്നിവ വാങ്ങുന്നതിനും ഇ-ഗവേർണൻസ് നടപ്പിലാക്കുന്നതിനും ഡി.ഡി.എഫ്. എസ്.

സോഫ്റ്റ്‌വെയറിനായി പുതിയ സെർവർ വാങ്ങുന്നതിനും കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടപ്പ് സാമ്പത്തിക വർഷത്തെ ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 10.04 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

## <u>സ്വീകരിച്ച നടപടി</u>

10.04 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2022-23 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.
ബജറ്റ് വിഹിതം : 100.00 ലക്ഷം രൂപ

- 2022-23 ൽ BIMS ൽ അനുവദിച്ച തുക : 65 ലക്ഷം രൂപ
- BIMS ൽ സമർപ്പിച്ച ബില്ലുകൾ : 60.56 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 52.72 ലക്ഷം രൂപ
- B D S ലേക്ക് മാറ്റിയ ബില്ലുകൾ : ഇല്ല
- 31.03.2023 ലെ കുടിശ്ശിക ബില്ലുകൾ : 7.84 ലക്ഷം രൂപ

7.84 ലക്ഷം രൂപയുടെ ബില്ലുകൾ ട്രഷറി ക്യൂവിലേയ്ക്ക് മാറ്റുകയും അടുത്ത സാമ്പത്തിക വർഷം വിട്ടുതൽ നൽകുകയും ചെയ്തു.

## ശിപാർശ

**2215 -01-800-64** - <u>ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - മഴവെള്ളക്കൊയ്ത്തിന്റെയും KRWSA യിലൂടെ GWR പരിപാടിയുടെയും അളവുയർത്തൽ</u>

മഴവെള്ളക്കൊയ്ത്ത്, ഭൂഗർഭജല റീചാർജ് എന്നീ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും മലയോര മേഖലകൾ, തീരപ്രദേശങ്ങൾ, ഉൾപ്രദേശങ്ങൾ തുടങ്ങിയ കുടിവെള്ള ലഭ്യത തീരെക്കുറഞ്ഞ പ്രദേശങ്ങളിൽ മഴവെള്ളക്കൊയ്ത്ത് പദ്ധതി പ്രകാരം കുടിവെള്ളം നൽകുന്നതിനും കുടിവെള്ള ക്ഷാമം നേരിടുന്ന കേരളത്തിലെ 8 ഗ്രാമപഞ്ചായത്തുകളിലെ വ്യക്തിഗത കുടുംബങ്ങളിൽ മഴവള്ള സംഭരണ യൂണിറ്റുകൾ നിർമ്മിക്കുന്നതിനും 7 ഗ്രാമപഞ്ചായത്തുകളിൽ കിണർ റീചാർജ്ജ് അനുബന്ധ പ്രവർത്തനങ്ങളുടെ

പൂർത്തിയായ യൂണിറ്റുകളുടെ ബില്ലുകളും നിലവിൽ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ ബില്ലുകളും നൽകുന്നതിനുമായി 9.98 കോടി രൂപയും തിരുവനന്തപുരം ജില്ലയിലെ സിവിൽ സ്റ്റേഷൻ പരിസരത്തുള്ള കുളം പുനരുദ്ധരിച്ച് മഴവെള്ള സംഭരണം നടത്തുന്നതിലേയ്ക്കുള്ള പദ്ധതിക്കായി 1 കോടി രൂപയും കോട്ടയം ജില്ലയിലെ കേരള സർക്കാർ അധീനതയിലുള്ള കെ. ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ടിലെ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിക്കായി 1 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 11.98 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

**സ്വീകരിച്ച നടപടി**

പദ്ധതിക്ക് ഭരണാനുമതി 20-09-2022 ൽ ലഭ്യമാക്കി. അതനുസരിച്ച് 10 കോടി രൂപ അനുവദിക്കാൻ സർക്കാരിൽ ലഭ്യമാക്കിയ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 5.80 കോടി രൂപ 29-12-2022 ൽ അനുവദിക്കുകയും പ്രസ്തുത തുക 20-01-2023 ൽ PSTSB A/c ൽ ലഭ്യമാക്കുകയും ചെയ്തു. ആയതിനാൽ പ്രസ്തുത സാമ്പത്തിക വർഷത്തിൽ കൂടുതൽ തുക ചെലവഴിക്കാൻ സാദ്ധ്യമല്ലാത്തതിനാൽ അധിക തുക അനുവദിക്കുന്നതിന് പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല.

**ശിപാർശ**

**2215 -01-800-47** - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ- കുടിവെള്ള വിതരണവും - വരൾച്ച പരിഹാരവും

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 6.2745 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

**സ്വീകരിച്ച നടപടി**

6.27 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2022-23 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം : 1000.00 ലക്ഷം രൂപ

- 2022-23 ൽ BIMS ൽ അനുവദിച്ച തുക : 650.00 ലക്ഷം രൂപ
- BIMS ൽ സമർപ്പിച്ച ബില്ലുകൾ : 820.19 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 627.16 ലക്ഷം രൂപ
- B D S ലേക്ക് മാറ്റിയ ബില്ലുകൾ : 193.03 ലക്ഷം രൂപ
- 31.03.2023 ലെ കുടിശ്ശിക ബില്ലുകൾ : 1080.10 ലക്ഷം രൂപ

BIMS-ഇൽ ബില്ലുകൾ നൽകുവാനുള്ള പരിധി ബജറ്റ് വിഹിതത്തിന്റെ 33 ശതമാനത്തിൽ നിന്ന് 65 ശതമാനയായി കേരളാ വാട്ടർ അതോറിറ്റിക്ക് സർക്കാർ ഉയർത്തി നൽകിയത് 22-03-2023 നാണ്. ഇതോടൊപ്പം തന്നെ ബില്ലുകൾ B.D.S ലേക്ക് മാറാനുള്ള പരിധി 25 ലക്ഷത്തിൽ നിന്ന് 10 ലക്ഷമായി കുറച്ചു . മാർച്ച് മാസം B.D.S ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. കേരളാ വാട്ടർ അതോറിറ്റി ഫണ്ടിന് വേണ്ടിയുള്ള അഭ്യർത്ഥന സമർപ്പിച്ചിരുന്നെങ്കിലും ആയത് അനുവദിച്ചു നൽകിയിരുന്നില്ല.

**ശിപാർശ**

**2215 -02-106-97** - <u>ശുദ്ധജലവിതരണവും ശുചീകരണവും - മാലിന്യ നിവാരണവും ശുചീകരണവും - വായു-ജല മലിനീകരണം തടയൽ - നദി മലിനീകരണം തടയുന്നതിനും എൻ.ജി.ടി നിർദ്ദേശം പാലിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനുമുള്ള പ്രവർത്തി</u>

നദികൾ മാലിന്യ മുക്തമാക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടപ്പ് സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 56.15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

**<u>സ്വീകരിച്ച നടപടി</u>**

56.15 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2022-23 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.
ബജറ്റ് വിഹിതം : 250.00 ലക്ഷം രൂപ

- 2022-23 ൽ BIMS ൽ അനുവദിച്ച തുക : 162.50 ലക്ഷം രൂപ
- BIMS ൽ സമർപ്പിച്ച ബില്ലുകൾ : 183.96 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 77.69 ലക്ഷം രൂപ
- B D S ലേക്ക് മാറ്റിയ ബില്ലുകൾ : 106.27 ലക്ഷം രൂപ
- 31.03.2023 ലെ കുടിശ്ശിക ബില്ലുകൾ : 106.27 ലക്ഷം രൂപ

BIMS-ഇൽ ബില്ലുകൾ നൽകുവാനുള്ള പരിധി ബജറ്റ് വിഹിതത്തിന്റെ 33 ശതമാനത്തിൽ നിന്ന് 65 ശതമാനയായി കേരളാ വാട്ടർ അതോറിറ്റിക്ക് സർക്കാർ ഉയർത്തി നൽകിയത് 22-03-2023 നാണ്. ഇതോടൊപ്പം തന്നെ ബില്ലുകൾ B.D.S ലേക്ക് മാറാനുള്ള പരിധി 25 ലക്ഷത്തിൽ നിന്ന് 10 ലക്ഷമായി കുറച്ചു . മാർച്ച് മാസം B.D.S ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ കുടിശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

**ശിപാർശ**

**2215 -02-190-99 (02)- 31** - ശുദ്ധജലവിതരണവും ശുചീകരണവും - മാലിന്യ നിവാരണവും ശുചീകരണവും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിയ്ക്കുള്ള സഹായധനം - സഹായധനം - ശമ്പളം

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള സ്വീവറേജ് വിഭാഗം ജീവനക്കാരുടെ ശമ്പളം, പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവയ്ക്കുമായി ഈ ശീർഷകത്തിൽ 15.17 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

**സ്വീകരിച്ച നടപടി**

15.17 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2022-23 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.
ബജറ്റ് വിഹിതം : 1860.95 ലക്ഷം രൂപ

- 2022-23 ൽ അനുവദിച്ച തുക : 1127.84 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 1127.84 ലക്ഷം രൂപ

31.03.2023 ൽ റവന്യൂ വിഭാഗത്തിൽ ഈ ശീർഷകത്തിൽ 1369.00 ലക്ഷം രൂപയുടെ ചെലവുകൾ കുടിശ്ശികയായുണ്ട്. കേരളാ വാട്ടർ അതോറിറ്റി ഫണ്ടിന് വേണ്ടിയുള്ള അഭ്യർത്ഥന സമർപ്പിച്ചിരുന്നെങ്കിലും ആയത് അനുവദിച്ച നൽകിയിരുന്നില്ല.

## ശിപാർശ

**2215 -02-190-99 (02)- 36** - <u>ശുദ്ധജലവിതരണവും ശുചീകരണവും -മാലിന്യ നിവാരണവും ശുചീകരണവും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിയ്ക്കുള്ള സഹായധനം - സഹായധനം - ശമ്പളേതരം</u>

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള സ്വീവറേജ് പദ്ധതികളുടെ നടത്തിപ്പിനും ഇതുമായി ബന്ധപ്പെട്ട അടിയന്തര പ്രാധാന്യമുള്ള ചെലവുകളായ ഓപ്പറേഷൻ ആന്റ് മെയിന്റനൻസ്, ലോണുകളുടെ തിരിച്ചടവ്, വൈദ്യുതി ചാർജ് എന്നിവയ്ക്കായും ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സ്വീവറേജ് പദ്ധതികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 50.98 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

## <u>സ്വീകരിച്ച നടപടി</u>

50.98 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2022-23 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.
ബജറ്റ് വിഹിതം : 1316.66 ലക്ഷം രൂപ

- 2022-23 ൽ അനുവദിച്ച തുക : 526.64 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 526.64 ലക്ഷം രൂപ

31.03.2023 ൽ റവന്യൂ വിഭാഗത്തിൽ ഈ ശീർഷകത്തിൽ 7337.00 ലക്ഷം രൂപയുടെ ചെലവുകൾ കുടിശ്ശികയായുണ്ട്. കേരളാ വാട്ടർ അതോറിറ്റി ഫണ്ടിന് വേണ്ടിയുള്ള അഭ്യർത്ഥന സമർപ്പിച്ചിരുന്നെങ്കിലും ആയത് അനുവദിച്ച നൽകിയിരുന്നില്ല.

**ശിപാർശ**

**4215 - 01- 101- 97** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധ ജലവിതരണം - നഗര ജലവിതരണ പദ്ധതി- നഗര ജലവിതരണ പദ്ധതികളുടെ മെച്ചപ്പെടുത്തൽ / പുനരധിവാസം

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കും പൊതുജനങ്ങൾക്ക് കുടിവെള്ളം സുഗമമായി ലഭ്യമാക്കുന്നതിനായി നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനും വിപുലീകരണത്തിനും ആവശ്യമായ പ്രവർത്തനങ്ങൾക്കും പിൽക്കാലത്ത് മുൻസിപ്പാലിറ്റികളായി മാറിയ പഞ്ചായത്തുകളിൽ ജലവിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 134.2254 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

**സ്വീകരിച്ച നടപടി**

134.22 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2022-23 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.
ബജറ്റ് വിഹിതം : 4500.00 ലക്ഷം രൂപ

- 2022-23 ൽ BIMS ൽ അനുവദിച്ച തുക : 2925.00 ലക്ഷം രൂപ
- BIMS ൽ സമർപ്പിച്ച ബില്ലുകൾ : 381.72 ലക്ഷം രൂപ

- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 325.81 ലക്ഷം രൂപ
- B D S ലേക്ക് മാറ്റിയ ബില്ലുകൾ : 55.91 ലക്ഷം രൂപ
- 31.03.2023 ലെ കുടിശ്ശിക ബില്ലുകൾ : 55.91 ലക്ഷം രൂപ

BIMS-ഇൽ ബില്ലുകൾ നൽകുവാനുള്ള പരിധി ബജറ്റ് വിഹിതത്തിന്റെ 33 ശതമാനത്തിൽ നിന്ന് 65 ശതമാനയായി കേരളാ വാട്ടർ അതോറിറ്റിക്ക് സർക്കാർ ഉയർത്തി നൽകിയത് 22-03-2023 നാണ്. ഇതോടൊപ്പം തന്നെ ബില്ലുകൾ B.D.S ലേക്ക് മാറാനുള്ള പരിധി 25 ലക്ഷത്തിൽ നിന്ന് 10 ലക്ഷമായി കുറച്ചു. മാർച്ച് മാസം B.D.S ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

**ശിപാർശ**

**4215 - 01- 101- 96** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - നഗര ജലവിതരണ പദ്ധതി- അരുവിക്കര പമ്പിങ് സ്റ്റേഷന്റെ നവീകരണം

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കും അരുവിക്കര പമ്പിങ് സ്റ്റേഷന്റെ നവീകരണ പ്രവർത്തനങ്ങളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് നിലവിൽ നടപ്പിലാക്കി വരുന്ന 72 MLD സംഭരണശേഷിയുള്ള ശുദ്ധീകരണശാലയിലേയ്ക്കും പമ്പ് ഹൗസിലേയ്ക്കുമുള്ള റോഡ് ടാർ ചെയ്യുന്നതിനും വൈദ്യുതീകരണ പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 2.8011 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

**സ്വീകരിച്ച നടപടി**

2.80 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2022-23 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.
ബജറ്റ് വിഹിതം : 100.00 കോടി രൂപ

- 2022-23 ൽ BIMS ൽ അനുവദിച്ച തുക : 65.00 ലക്ഷം രൂപ
- BIMS ൽ സമർപ്പിച്ച ബില്ലുകൾ : 60.94 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 4.27 ലക്ഷം രൂപ
- B D S ലേക്ക് മാറ്റിയ ബില്ലുകൾ : 56.67 ലക്ഷം രൂപ
- 31.03.2023 ലെ കുടിശ്ശിക ബില്ലുകൾ : 275.02 ലക്ഷം രൂപ

BIMS-ൽ ബില്ലുകൾ നൽകുവാനുള്ള പരിധി ബജറ്റ് വിഹിതത്തിന്റെ 33 ശതമാനത്തിൽ നിന്ന് 65 ശതമാനയായി കേരളാ വാട്ടർ അതോറിറ്റിക്ക് സർക്കാർ ഉയർത്തി നൽകിയത് 22-03-2023 നാണ്. ഇതോടൊപ്പം തന്നെ ബില്ലുകൾ B.D.S ലേക്ക് മാറാനുള്ള പരിധി 25 ലക്ഷത്തിൽ നിന്ന് 10 ലക്ഷമായി കുറച്ചു . മാർച്ച് മാസം B.D.S ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. കേരളാ വാട്ടർ അതോറിറ്റി ഫണ്ടിന് വേണ്ടിയുള്ള അഭ്യർത്ഥന സമർപ്പിച്ചിരുന്നെങ്കിലും ആയത് അനുവദിച്ച നൽകിയിരുന്നില്ല.

**ശിപാർശ**

**4215 - 01- 102- 98 (01)** - <u>ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം- നബാർഡ് സഹായമുള്ള ഗ്രാമീണ ജല വിതരണ പദ്ധതികൾ</u>

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 133.0594 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

**<u>സ്വീകരിച്ച നടപടി</u>**

133.05 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2022-23 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.
ബജറ്റ് വിഹിതം : 8020.00 ലക്ഷം രൂപ

- 2022-23 ൽ അനുവദിച്ച തുക : 3897.66 ലക്ഷം രൂപ
- ചെലവായ തുക : 3999.35 ലക്ഷം രൂപ
- 31.03.2023 ലെ കുടിശ്ശിക ബില്ലുകൾ : 3929.64 ലക്ഷം രൂപ

കേരളാ വാട്ടർ അതോറിറ്റി ഫണ്ടിന് വേണ്ടിയുള്ള അഭ്യർത്ഥന സമർപ്പിച്ചിരുന്നെങ്കിലും ആയത് അനുവദിച്ചു നൽകിയിരുന്നില്ല.

**ശിപാർശ**

**4215 - 01- 102- 97** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം- ഗ്രാമീണ ജലവിതരണ പദ്ധതികൾ

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടപ്പു സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കും ഉൽപ്പാദന ഘടകങ്ങൾ പൂർത്തിയാക്കിയ പദ്ധതികളുടെ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും കാലപ്പഴക്കംമൂലം തുടർച്ചയായി കേടുപാടുകൾ സംഭവിക്കുന്ന പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനും പൊതുജനങ്ങൾക്ക് കുടിവെള്ളം സുഗമമായി ലഭ്യമാക്കുന്നതിനുവേണ്ടി നിലവിലുള്ള പദ്ധതികളുടെ നവീകരണത്തിനും വിപുലീകരണത്തിനും ആവശ്യമായ പ്രവൃത്തികളുടെ നിർവ്വഹണത്തിനുമായി ഈ ശീർഷകത്തിൽ 235.0522 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

**സ്വീകരിച്ച നടപടി**

235.05 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2022-23 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.
ബജറ്റ് വിഹിതം : 1000.00 ലക്ഷം രൂപ

- 2022-23 ൽ BIMS ൽ അനുവദിച്ച തുക : 650.00 ലക്ഷം രൂപ
- BIMS ൽ സമർപ്പിച്ച ബില്ലുകൾ : 784.07 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 432.33 ലക്ഷം രൂപ
- B D S ലേക്ക് മാറ്റിയ ബില്ലുകൾ : 351.74 ലക്ഷം രൂപ
- 31.03.2023 ലെ കുടിശ്ശിക ബില്ലുകൾ : 1810.09 ലക്ഷം രൂപ

BIMS-ഇൽ ബില്ലുകൾ നൽകുവാനുള്ള പരിധി ബജറ്റ് വിഹിതത്തിന്റെ 33 ശതമാനത്തിൽ നിന്ന് 65 ശതമാനയായി കേരളാ വാട്ടർ അതോറിറ്റിക്ക് സർക്കാർ ഉയർത്തി നൽകിയത് 22-03-2023 നാണ്. ഇതോടൊപ്പം തന്നെ ബില്ലുകൾ B.D.S ലേക്ക് മാറാനുള്ള പരിധി 25 ലക്ഷത്തിൽ നിന്ന് 10 ലക്ഷമായി കുറച്ചു . മാർച്ച് മാസം B.D.S ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. കേരളാ വാട്ടർ അതോറിറ്റി ഫണ്ടിന് വേണ്ടിയുള്ള അഭ്യർത്ഥന സമർപ്പിച്ചിരുന്നെങ്കിലും ആയത് അനുവദിച്ചു നൽകിയിരുന്നില്ല.

**ശിപാർശ**

**4215 - 01- 102- 92** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം-ഗ്രാമീണ ജലവിതരണം-ജൽ ജീവൻ മിഷൻ (എൻ.ആർ.ഡി.ഡബ്ല്യൂ.പി. 50% കേന്ദ്ര വിഹിതം.

2024 – വർഷത്തോടെ കേരളത്തിലെ മുഴുവൻ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിട്ടുള്ള കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പു സാമ്പത്തിക വർഷം 20 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട മറ്റു സഹായക പ്രവർത്തനങ്ങൾക്കും ജല ഗുണനിലവാര പരിശോധന സംവിധാനം നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 19247.6 കോടി രൂപ സംസ്ഥാന വിഹിതമായി അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

**സ്വീകരിച്ച നടപടി**

1655.05 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നു. ഫെബ്രുവരി മാസത്തിലെ ഉപധനാഭ്യർത്ഥന പ്രകാരം സർക്കാർ 1655.05 കോടി രൂപ ജൽ ജീവൻ മിഷൻ പദ്ധതിക്കായി വകയിരുത്തുക യുണ്ടായി. നിലവിലെ ബജറ്റ് വിഹിതമായ 500.00 കോടി രൂപയും ചേർത്ത് ആകെ 2155.05 കോടി രൂപ 2022-23

സാമ്പത്തിക വർഷം സംസ്ഥാന വിഹിതമായി വകയിരുത്തുകയും ആയതിൽ നിന്നും ആകെ 1616.29 കോടി രൂപ അനുവദിച്ചു തരുകയും ചെയ്തു.

2022-23 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.
ബജറ്റ് വിഹിതം : 50000.00 ലക്ഷം രൂപ

- 2022-23 ൽ അനുവദിച്ച തുക : 161629.11 ലക്ഷം രൂപ
- ചെലവായ തുക : 174167.64 ലക്ഷം രൂപ

31.03.2023 ലെ കുടിശ്ശിക ബില്ലുകൾ : ഇല്ല

## ശിപാർശ

**4215 - 01- 102- 91** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം - ജലനിധിയുടെ കീഴിലുള്ള ജല വിതരണ പദ്ധതികളുടെ പൂർത്തീകരണം ഘട്ടം II

മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിലെ ബൃഹത് കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനും ജലനിധി രണ്ടാംഘട്ട പദ്ധതി പ്രകാരം പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ്, കോട്ടയം എന്നീ ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 23.75 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

## സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയനുസരിച്ച് 6 കോടി രൂപ മാത്രം (പെന്റിംഗ് ബിൽ സെറ്റിൽ ചെയ്യാനുള്ള തുക മാത്രം) റീ അപ്രോപ്രിയേഷൻ മുഖാന്തരം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 31-01-2023-ൽ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ നൽകിയെങ്കിലും തുക വർഷാന്ത്യം വരെ അനുവദിച്ച് നൽകിയിരുന്നില്ല.

**ശിപാർശ**

**4215 - 01- 800- 92** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - ജലസംരക്ഷണവും ഉറവിടം മെച്ചപ്പെടുത്തലും.

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന 39 പദ്ധതികളുടെ നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 6.1034 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

**സ്വീകരിച്ച നടപടി**

235.05 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2022-23 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.
ബജറ്റ് വിഹിതം : 200.00 ലക്ഷം രൂപ

- 2022-23 ൽ BIMS ൽ അനുവദിച്ച തുക : 130.00 ലക്ഷം രൂപ
- BIMS ൽ സമർപ്പിച്ച ബില്ലുകൾ : 192.53 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 18.40 ലക്ഷം രൂപ
- B D S ലേക്ക് മാറ്റിയ ബില്ലുകൾ : 174.13 ലക്ഷം രൂപ
- 31.03.2023 ലെ കുടിശ്ശിക ബില്ലുകൾ : 174.13 ലക്ഷം രൂപ

BIMS-ഇൽ ബില്ലുകൾ നൽകുവാനുള്ള പരിധി ബജറ്റ് വിഹിതത്തിന്റെ 33 ശതമാനത്തിൽ നിന്ന് 65 ശതമാനയായി കേരളാ വാട്ടർ അതോറിറ്റിക്ക് സർക്കാർ ഉയർത്തി നൽകിയത് 22-03-2023 നാണ്. ഇതോടൊപ്പം തന്നെ ബില്ലുകൾ B.D.S ലേക്ക് മാറാനുള്ള പരിധി 25 ലക്ഷത്തിൽ നിന്ന് 10 ലക്ഷമായി കുറച്ചു . മാർച്ച് മാസം B.D.S ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ കുടിശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

മേൽ ശിപാർശയിൽ സൂചിപ്പിച്ച 39 പദ്ധതികളിൽ 22 എണ്ണം പൂർത്തീകരിക്കുകയും 8 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. 9 പ്രവൃത്തികൾ വിവിധ കാരണങ്ങളാൽ ഉപേക്ഷിക്കേണ്ടി വന്നു.

**ശിപാർശ**

**4215 - 01- 800- 91** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - മാനവശേഷി വികസനവും ഗവേഷണവും .

നടപ്പുസാമ്പത്തിക വർഷം നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രതീക്ഷിത ചെലവുകൾക്കായി ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

**സ്വീകരിച്ച നടപടി**

235.05 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2022-23 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.
ബജറ്റ് വിഹിതം : 100.00 കോടി രൂപ

- 2022-23 ൽ BIMS ൽ അനുവദിച്ച തുക : 65.00 ലക്ഷം രൂപ
- BIMS ൽ സമർപ്പിച്ച ബില്ലുകൾ : 48.81 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 28.11 ലക്ഷം രൂപ
- B D S ലേക്ക് മാറ്റിയ ബില്ലുകൾ : 20.70 ലക്ഷം രൂപ
- 31.03.2023 ലെ കുടിശ്ശിക ബില്ലുകൾ : 20.70 ലക്ഷം രൂപ

BIMS-ൽ ബില്ലുകൾ നൽകുവാനുള്ള പരിധി ബജറ്റ് വിഹിതത്തിന്റെ 33 ശതമാനത്തിൽ നിന്ന് 65 ശതമാനയായി കേരളാ വാട്ടർ അതോറിറ്റിക്ക് സർക്കാർ ഉയർത്തി നൽകിയത് 22.03.2023-നാണ്. ഇതോടൊപ്പം തന്നെ ബില്ലുകൾ B.D.S ലേക്ക് മാറാനുള്ള പരിധി 25 ലക്ഷത്തിൽ നിന്ന് 10 ലക്ഷമായി കുറച്ചു . മാർച്ച് മാസം B.D.S ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ കുടിശ്ശിക ബില്ലുകൾ പൂർണ്ണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

**ശിപാർശ**

**4215 - 01- 800- 90** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - പ്രത്യേക സ്ഥാപനങ്ങൾ / സ്ഥലങ്ങൾക്കുള്ള ശുദ്ധജല പദ്ധതി.

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന 12 പദ്ധതികളുടെ നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കായും വിവിധ മെഡിക്കൽ കോളേജുകൾ, താലൂക്കാശുപത്രികൾ, ജില്ലാ ജയിൽ, സിവിൽ സ്റ്റേഷൻ, ദുർഗുണപരിഹാര പാഠശാല, കോടതികൾ, ഗ്രാമീണമേഖലയിലെ സ്കൂൾ, കോളേജ്, അങ്കണവാടി, കെയർഹോം, ആശുപത്രി, വൃദ്ധസദനങ്ങൾ, അനാഥലയങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ എന്നീ മുൻഗണനാ സ്ഥാപനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 5.1472 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

## <u>സ്വീകരിച്ച നടപടി</u>

235.05 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2022-23 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം : 200.00 ലക്ഷം രൂപ

- 2022-23 ൽ BIMS ൽ അനുവദിച്ച തുക : 130.00 ലക്ഷം രൂപ
- BIMS ൽ സമർപ്പിച്ച ബില്ലുകൾ : 255.62 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 71.27 ലക്ഷം രൂപ
- B D S ലേക്ക് മാറ്റിയ ബില്ലുകൾ : 105.40 ലക്ഷം രൂപ
- 31.03.2023 ലെ കുടിശ്ശിക ബില്ലുകൾ : 184.35 ലക്ഷം രൂപ

BIMS-ഇൽ ബില്ലുകൾ നൽകുവാനുള്ള പരിധി ബജറ്റ് വിഹിതത്തിന്റെ 33 ശതമാനത്തിൽ നിന്ന് 65 ശതമാനയായി കേരളാ വാട്ടർ അതോറിറ്റിക്ക് സർക്കാർ ഉയർത്തി നൽകിയത് 22-03-2023 നാണ്. ഇതോടൊപ്പം തന്നെ ബില്ലുകൾ B.D.S ലേക്ക് മാറാനുള്ള പരിധി 25 ലക്ഷത്തിൽ നിന്ന് 10 ലക്ഷമായി കുറച്ചു. മാർച്ച് മാസം B.D.S ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. കേരളാ വാട്ടർ അതോറിറ്റി ഫണ്ടിന് വേണ്ടിയുള്ള അഭ്യർത്ഥന സമർപ്പിച്ചിരുന്നെങ്കിലും ആയത് അനുവദിച്ചു നൽകിയിരുന്നില്ല.

മേൽ ശിപാർശയിൽ സൂചിപ്പിച്ച 12 പദ്ധതികളിൽ 4 എണ്ണം പൂർത്തീകരിക്കുകയും 8 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

**ശിപാർശ**

**4215 - 01- 800- 89** - <u>ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - ഉത്പാദനവും വിതരണവും മെച്ചപ്പെടുത്തൽ.</u>

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന 575 പദ്ധതികളുടെ നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 376.1702 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

**<u>സ്വീകരിച്ച നടപടി</u>**

376.17 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2022-23 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം : 5000.00 ലക്ഷം രൂപ

- 2022-23 ൽ BIMS ൽ അനുവദിച്ച തുക : 3250.00 ലക്ഷം രൂപ
- BIMS ൽ സമർപ്പിച്ച ബില്ലുകൾ : 3642.94 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 1928.65 ലക്ഷം രൂപ
- B D S ലേക്ക് മാറ്റിയ ബില്ലുകൾ : 1714.29 ലക്ഷം രൂപ
- 31.03.2023 ലെ കുടിശ്ശിക ബില്ലുകൾ : 1992.21 ലക്ഷം രൂപ

BIMS-ൽ ബില്ലുകൾ നൽകുവാനുള്ള പരിധി ബജറ്റ് വിഹിതത്തിന്റെ 33 ശതമാനത്തിൽ നിന്ന് 65 ശതമാനയായി കേരളാ വാട്ടർ അതോറിറ്റിക്ക് സർക്കാർ ഉയർത്തി നൽകിയത് 22-03-2023 നാണ്. ഇതോടൊപ്പം തന്നെ ബില്ലുകൾ B.D.S ലേക്ക് മാറാനുള്ള പരിധി 25 ലക്ഷത്തിൽ നിന്ന് 10 ലക്ഷമായി കുറച്ചു . മാർച്ച് മാസം B.D.S ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S എടുക്കാത്തതിനാൽ ട്രഷറി

ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ കുടിശ്ശിക ബില്ലുകൾ പൂർണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

മേൽ ശിപാർശയിൽ സൂചിപ്പിച്ച 575 പദ്ധതികളിൽ 139 എണ്ണം പൂർത്തീകരിക്കുകയും 187 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. 249 പ്രവൃത്തികൾ വിവിധ കാരണങ്ങളാൽ ഉപേക്ഷിക്കേണ്ടിവന്നു.

**ശിപാർശ**

**4215 - 01- 800- 88** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - ജിക്ക സഹകരണത്തോടുള്ള കേരള ശുദ്ധജല വിതരണ പദ്ധതി.

കുടിശ്ശിക ബിൽ തുക ഒടുക്കുന്നതിനും നടപ്പുസാമ്പത്തിക വർഷം നടപ്പിലാക്കുന്ന ജലവിതരണ പദ്ധതികളുടെ നിർവ്വഹണത്തിനും GIS അസറ്റ് മാപ്പിംഗ് നടപ്പിലാക്കിയതിന്റെ ബന്ധപ്പെട്ട ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 20.69 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

**സ്വീകരിച്ച നടപടി**

20.69 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2022-23 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.
ബജറ്റ് വിഹിതം : 500.00 ലക്ഷം രൂപ

- 2022-23 ൽ BIMS ൽ അനുവദിച്ച തുക : 325.00 ലക്ഷം രൂപ
- BIMS ൽ സമർപ്പിച്ച ബില്ലുകൾ : 397.99 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 163.40 ലക്ഷം രൂപ
- B D S ലേക്ക് മാറ്റിയ ബില്ലുകൾ : 234.59 ലക്ഷം രൂപ
- 31.03.2023 ലെ കുടിശ്ശിക ബില്ലുകൾ : 2319.95 ലക്ഷം രൂപ

BIMS-ഇൽ ബില്ലുകൾ നൽകുവാനുള്ള പരിധി ബജറ്റ് വിഹിതത്തിന്റെ 33 ശതമാനത്തിൽ നിന്ന് 65 ശതമാനയായി കേരളാ വാട്ടർ അതോറിറ്റിക്ക് സർക്കാർ

ഉയർത്തി നൽകിയത് 22-03-2023 നാണ്. ഇതോടൊപ്പം തന്നെ ബില്ലുകൾ B.D.S ലേക്ക് മാറാനുള്ള പരിധി 25 ലക്ഷത്തിൽ നിന്ന് 10 ലക്ഷമായി കുറച്ചു. മാർച്ച് മാസം B.D.S ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. കേരളാ വാട്ടർ അതോറിറ്റി ഫണ്ടിന് വേണ്ടിയുള്ള അഭ്യർത്ഥന സമർപ്പിച്ചിരുന്നെങ്കിലും ആയത് അനുവദിച്ചു നൽകിയിരുന്നില്ല.

**ശിപാർശ**

**4215 - 01- 800- 87** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് -ശുദ്ധജലവിതരണം - മറ്റുചെലവുകൾ- ഊർജ്ജ കാര്യക്ഷമതാ മെച്ചപ്പെടുത്തൽ ഇലക്ട്രോ മെക്കാനിക്കൽ ഇനങ്ങളുടെ ഒപ്റ്റിമൈസേഷൻ, സുരക്ഷാ ഓഡിറ്റ്, ഡബ്ല്യൂ.ടി.പി.കളുടെയും പമ്പ് ഹൗസു കളുടെയും പ്രവർത്തനത്തിൽ സുരക്ഷ ഉറപ്പാക്കൽ

കേരള ജല അതോറിറ്റിയുടെ പമ്പ് ഹൗസുകൾ കാര്യക്ഷമമാക്കുന്നതിനും ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുരക്ഷാ പ്രോട്ടോക്കോൾ ഉറപ്പാക്കി സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും ശുദ്ധീകരണശാലകളിലും പമ്പ് ഹൗസുകളിലും CCTV ക്യാമറ സ്ഥാപിക്കുന്നതിനുമായി പുതുതായി അനുവദിച്ച ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

**<u>സ്വീകരിച്ച നടപടി</u>**

25.00 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2022-23 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.
ബജറ്റ് വിഹിതം : 500.00 ലക്ഷം രൂപ

- 2022-23 ൽ BIMS ൽ അനുവദിച്ച തുക : 325.00 ലക്ഷം രൂപ
- BIMS ൽ സമർപ്പിച്ച ബില്ലുകൾ : 106.30 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 61.42 ലക്ഷം രൂപ

- B D S ലേക്ക് മാറ്റിയ ബില്ലുകൾ : 44.88 ലക്ഷം രൂപ
- 31.03.2023 ലെ കുടിശ്ശിക ബില്ലുകൾ : 44.88 ലക്ഷം രൂപ

BIMS-ൽ ബില്ലുകൾ നൽകുവാനുള്ള പരിധി ബജറ്റ് വിഹിതത്തിന്റെ 33 ശതമാനത്തിൽ നിന്ന് 65 ശതമാനയായി കേരളാ വാട്ടർ അതോറിറ്റിക്ക് സർക്കാർ ഉയർത്തി നൽകിയത് 22-03-2023 നാണ്. ഇതോടൊപ്പം തന്നെ ബില്ലുകൾ B.D.S ലേക്ക് മാറാനുള്ള പരിധി 25 ലക്ഷത്തിൽ നിന്ന് 10 ലക്ഷമായി കുറച്ചു . മാർച്ച് മാസം B.D.S ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ കുടിശ്ശിക ബില്ലുകൾ പൂർണ്ണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

**ശിപാർശ**

**4215 - 01- 800- 86** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം- മറ്റു ചെലവുകൾ - കെ. ഡബ്ല്യൂ.എ. അടിസ്ഥാന സൗകര്യ വികസനവും നിരീക്ഷണ പ്രവർത്തനങ്ങളും

കുടിവെള്ള ഗുണനിലവാര നിരീക്ഷണ ശാലകൾ മെച്ചപ്പെടുത്തുന്നതിനും എസ്.ടി.പി.-കളിൽ നിന്നുള്ള മലിനജല പരിശോധനയ്ക്കുനുയോജ്യമായ ഉപകരണങ്ങൾ സജ്ജമാക്കുന്നതിനുമായി പുതുതായി അനുവദിച്ച ഈ ശീർഷകത്തിൽ 22 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

**<u>സ്വീകരിച്ച നടപടി</u>**

22.00 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2022-23 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം : 300.00 ലക്ഷം രൂപ

- 2022-23 ൽ BIMS ൽ അനുവദിച്ച തുക : 195.00 ലക്ഷം രൂപ
- BIMS ൽ സമർപ്പിച്ച ബില്ലുകൾ : 12.45 ലക്ഷം രൂപ

- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 12.45 ലക്ഷം രൂപ
- B D S ലേക്ക് മാറ്റിയ ബില്ലുകൾ : ഇല്ല
- 31.03.2023 ലെ കുടിശ്ശിക ബില്ലുകൾ : 6.73 ലക്ഷം രൂപ

6.73 ലക്ഷം രൂപയുടെ ബില്ലുകൾ ട്രഷറി ക്യൂവിലേയ്ക്ക് മാറ്റുകയും അടുത്ത സാമ്പത്തിക വർഷം വിടുതൽ നൽകുകയും ചെയ്തു.

**ശിപാർശ**

**4215 - 01- 800- 84** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം- മറ്റു ചെലവുകൾ - ഗ്രാമീണ ജല സാങ്കേതിക വിദ്യ ഗവേഷണവും വികസനവും

ചെലവുകുറഞ്ഞതും കൂടുതൽ കാര്യക്ഷമവും ഉപഭോക്തൃ സൗഹൃദപരവുമായ ജല ഗുണനിലവാര പ്രശ്ന പരിഹാര സംവിധാന യൂണിറ്റുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും നിലവിലുള്ള ജലവിതരണ സംവിധാനങ്ങൾ എത്തിപ്പെടാത്ത മലയോരമേഖലകളിലും മറ്റും താമസിക്കുന്ന കുടുംബങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള ചെലവുകുറഞ്ഞ നൂതന സാങ്കേതിക വിദ്യകൾ ആവിഷ്ക്കരിക്കുന്നതിനും സാമൂഹിക കുടിവെള്ള പദ്ധതികളുടെ തുടർനടത്തിപ്പും പരിപാലനവും വിജയകരമായി നടപ്പിലാക്കുന്നതിനാവശ്യമായ മാനേജ്മെന്റ് മാതൃകകൾ ആവിഷ്ക്കരിക്കുന്നതിനും വിതരണ ശൃംഖലകളിലൂടെയുള്ള ജലനഷ്ടം കുറയ്ക്കുന്നതിനാവശ്യമായ സ്മാർട്ട് വിതരണ സംവിധാനം ആവിഷ്ക്കരിക്കുന്നതിനും നൂതന സാങ്കേതിക വിദ്യകളുടെ പരിശീലനത്തിനും പുതിയ മാതൃകകൾ പരിചയപ്പെടുത്തുന്നതിനുമായി പുതുതായി അനുവദിച്ച ഈ ശീർഷകത്തിൽ 94 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

**സ്വീകരിച്ച നടപടി**

പദ്ധതിക്കുള്ള ഭരണാനുമതി 20-09-2022-ൽ നൽകുകയും 3.72 ലക്ഷം രൂപ 24-02-2023- ൽ അനുവദിക്കുകയും ചെയ്തു. പ്രസ്തുത തുക 21.03.2023-ൽ PSTSB A/C ൽ ലഭ്യമാക്കുകയും ചെയ്തു. സാമ്പത്തിക വർഷത്തിൽ കൂടുതൽ തുക ചെലവഴിക്കാൻ സാധിക്കാത്തതിനാൽ അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചില്ല.

**ശിപാർശ**

**4215 - 02- 190- 99** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - മലിനജല നിവാരണവും ശുചീകരണവും - - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള വായ്പകൾ - കേരള ജല അതോറിറ്റിയുടെ മാലിന്യ സംസ്കരണ പദ്ധതി.

നിലവിൽ നടപ്പിലാക്കി വരുന്ന 87 പദ്ധതികളുടെ നടപ്പുസാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കായി ഈ ശീർഷകത്തിൽ 9.0889 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

9.08 കോടി രൂപ കേരള വാട്ടർ അതോറിറ്റി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അധിക തുകയൊന്നും അനുവദിച്ച് നൽകിയില്ല.

2022-23 ലെ ബജറ്റ് വിഹിതം, ചെലവായ തുക, കുടിശ്ശിക ബില്ലുകളെ കുറിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ബജറ്റ് വിഹിതം : 3005.00 ലക്ഷം രൂപ

- 2022-23 ൽ BIMS ൽ അനുവദിച്ച തുക : 1953.25 ലക്ഷം രൂപ
- BIMS ൽ സമർപ്പിച്ച ബില്ലുകൾ : 1974.07 ലക്ഷം രൂപ
- ചെലവായ തുക (ട്രഷറി പാസ്സാക്കിയത്) : 928.37 ലക്ഷം രൂപ
- B D S ലേക്ക് മാറ്റിയ ബില്ലുകൾ : 1045.70 ലക്ഷം രൂപ
- 31.03.2023 ലെ കുടിശ്ശിക ബില്ലുകൾ : 1456.99 ലക്ഷം രൂപ

BIMS-ൽ ബില്ലുകൾ നൽകുവാനുള്ള പരിധി ബജറ്റ് വിഹിതത്തിന്റെ 33 ശതമാനത്തിൽ നിന്ന് 65 ശതമാനയായി കേരളാ വാട്ടർ അതോറിറ്റിക്ക് സർക്കാർ ഉയർത്തി നൽകിയത് 22-03-2023 നാണ്. ഇതോടൊപ്പം തന്നെ ബില്ലുകൾ B.D.S ലേക്ക് മാറാനുള്ള പരിധി 25 ലക്ഷത്തിൽ നിന്ന് 10 ലക്ഷമായി കുറച്ചു . മാർച്ച് മാസം B.D.S ലേക്ക് മാറ്റിയ ബില്ലുകൾ കരാറുകാർ B.D.S എടുക്കാത്തതിനാൽ ട്രഷറി ചെലവ് ഇനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ കുടിശ്ശിക ബില്ലുകൾ പൂർണ്ണമായി കൊടുത്തു തീർക്കുവാൻ സാധിച്ചില്ല.

മേൽ ശിപാർശയിൽ സൂചിപ്പിച്ച 87 പദ്ധതികളിൽ 48 എണ്ണം പൂർത്തീകരിക്കുകയും 39 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

**ശിപാർശ**

**2702- 01- 800- 94- 02 -05** - ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം - വേതനം

താത്കാലിക പമ്പ് ഓപ്പറേറ്റർമാരുടെ ദിവസ വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ സമർപ്പിക്കുകയും ശമ്പളം, വേതനം ഇനങ്ങളിൽ അപ്രോപ്രിയേഷൻ നിയന്ത്രണം ബാധകമല്ലാത്തതിനാൽ അധിക തുക അനുവദിക്കാതെ തന്നെ വകുപ്പുകൾക്ക് ചെലവുകൾ വഹിക്കാവുന്നതാണെന്ന് ധനകാര്യ വകുപ്പ് അറിയിക്കുകയും ചെയ്തിരുന്നു. അധിക ധനാനുമതി ലഭ്യമായിരുന്നില്ല. പ്രസ്തുത ശീർഷകം ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണത്തിനും വേതനത്തിനുമായി അനുവദിച്ചിരിക്കുന്നതിനാൽ ജീവനക്കാർക്ക് വേതനം നല്കുന്നതിന് ബില്ലുകൾ ട്രഷറിയിൽ നിന്നും മാറി നല്കിയിരുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023-വരെ 4,23,79,779/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

**2702- 01- 800- 94- 34** - ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം - മറ്റു ചെലവുകൾ

ചെറുകിട ജലസേചന പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ അറ്റകുറ്റപ്പണികളുടെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 11.8125 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. എൽ.ഒ.സി. ശീർഷകമായതിനാൽ സംസ്ഥാന മുൻഗണനാക്രമം പാലിച്ച് ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് അധിക തുക അനുവദിക്കാതിരുന്നതിനാൽ 2022-23 വർഷത്തേയ്ക്ക് വിഭാവനം ചെയ്തിരുന്ന മുഴുവൻ പ്രവൃത്തികൾക്കും അനുമതി നൽകാനായില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 26,03,18,459/-രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**2702- 01- 800- 88-33** - ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- പമ്പ് ഉപയോഗിച്ച് പുഞ്ചകൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി - സബ്സിഡികൾ.

ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ പുഞ്ചകൃഷിക്ക് വേണ്ടി പമ്പ് ഉപയോഗിച്ച് വെള്ളം വറ്റിക്കുന്നതിനുള്ള വർദ്ധിപ്പിച്ച നിരക്കിലുള്ള സബ്സിഡി 2021-22 സാമ്പത്തിക വർഷത്തെ കുടിശ്ശിക സഹിതം നൽകുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുന:വിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

**സ്വീകരിച്ച നടപടി**

അധിക ധനാനുമതിമതിക്കായി സർക്കാരിലേക്ക് ശിപാർശ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിലെ പുഞ്ച സ്പെഷ്യൽ ഓഫീസുകൾക്ക് സബ്സിഡി നൽകുന്നതിന് 10 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിനായി 2701-01-800-88-00-33 എന്ന ശീർഷകത്തിലെ സീലിംഗ് പരിധി 63.50% ആയി ഉയർത്തി നൽകിയിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്ന് 31.03.2023 വരെ 15,74,95,281/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

**2702- 01- 800- 86** - <u>ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലിനമായ നദികൾ പുനഃസ്ഥാപിക്കൽ</u>

ദേശീയ ഹരിത ട്രൈബ്യൂണലിന്റെ നിർദ്ദേശ പ്രകാരം നദി മലിനീകരണം തടയുന്നയിനായി നിലവിൽ തയ്യാറാക്കി വരുന്ന 25 കോടി രൂപയുടെ പുതിയ പദ്ധതികളിൽ നടപ്പുസാമ്പത്തിക വർഷം ഏറ്റെടുക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 10.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

**<u>സ്വീകരിച്ച നടപടി</u>**

ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനുള്ള അപേക്ഷ ധനകാര്യ വകുപ്പിന് ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. 2 കോടി രൂപയുടെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 2 കോടി രൂപയ്ക്കുമുള്ള ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**ശിപാർശ**

**2702- 02- 005- 93** - <u>ചെറുകിട ജലസേചനം - ഭൂഗർഭജലം - അന്വേഷണം- ഭൂഗർഭ ജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും</u>

ചെറുകിട കുടിവെള്ള പദ്ധതികൾക്കും കൃഷി ആവശ്യങ്ങൾക്കും വ്യാവസായിക അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുമായി സുരക്ഷിത രീതിയിലുള്ള ഭൂജലം പമ്പ് ചെയ്തുപയോഗിക്കുന്നതിനാവശ്യമായ ജലക്ഷമതാ പരിശോധന നടത്തുന്നതിനായി നിലവിൽ ഭൂജല വകുപ്പിന് കീഴിലുള്ള പമ്പിംഗ് ടെസ്റ്റ് യൂണിറ്റുകൾക്കു പുറമെ നടപ്പ് സാമ്പത്തിക വർഷം 2 പമ്പിംഗ് ടെസ്റ്റ് യൂണിറ്റുകൾ കൂടി വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

**സ്വീകരിച്ച നടപടി**

പുതിയ പമ്പിംഗ് ടെസ്റ്റ് യൂണിറ്റ് വാങ്ങുന്നതിനായി 2 കോടി രൂപ അധികമായി മാറി നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും ശിപാർശ പ്രകാരമുള്ള തുക അനുവദിക്കാത്തതിനാൽ പമ്പിംഗ് ടെസ്റ്റ് യൂണിറ്റ് വാങ്ങുന്നതിനുള്ള നടപടിയൊന്നും സ്വീകരിക്കുവാൻ സാധിച്ചില്ല. 2022-23 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**ശിപാർശ**

**2702- 03- 101- 98-(02)-34** - ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ- - വാട്ടർ ടാങ്കുകൾ - സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ - ചെറുകിട ജലസേചന പണികളുടെ കേട്ടുപാട് പോക്കൽ - മറ്റു ചെലവുകൾ.

അപ്രതീക്ഷിതമായ കാലാവസ്ഥ വ്യതിയാനംമൂലം ജലസേചന നിർമ്മിതികൾക്ക് തുടർച്ചയായി ഉണ്ടാകുന്ന തകരാറുകൾ പരിഹരിക്കുന്നതിനും ജലസ്രോതസ്സുകളുടെ നീരൊഴുക്ക് സുഗമമാക്കുന്നതിനും വെള്ളപ്പൊക്കക്കെടുതികൾ പരിഹരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 15.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. എൽ.ഒ.സി. ശീർഷകമായതിനാൽ സംസ്ഥാന മുൻഗണനാക്രമം പാലിച്ച് ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ആവശ്യമായ അധിക വിഹിതം അനുവദിക്കാമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കാത്തതിനാൽ ടി ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്തിരുന്ന മുഴുവൻ പദ്ധതികളും ഏറ്റെടുക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ആകെ 6.22 കോടി രൂപ അധികധനാനുമതി മുഖേന അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 8,50,67,329/- രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**2702- 03- 101- 98 (03)** - ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ - വാട്ടർ ടാങ്കുകൾ- സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ - വെള്ളപ്പൊക്കനാശം മൂലമുള്ള അറ്റകുറ്റപണികൾ.

തുടർച്ചയായുണ്ടാകുന്ന മഴക്കെടുതികൾമൂലം തോടുകൾ കനാലുകൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചന നിർമ്മിതികൾക്കുണ്ടാകുന്ന കേടുപാടുകൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 18.45 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. എൽ.ഒ.സി. ശീർഷകമായതിനാൽ സംസ്ഥാന മുൻഗണനാക്രമം പാലിച്ച് ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ആവശ്യമായ അധിക വിഹിതം അനുവദിക്കാമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കാത്തതിനാൽ ടി ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്തിരുന്ന മുഴുവൻ പദ്ധതികളും ഏറ്റെടുക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ആകെ 2.37 കോടി രൂപ അധികധനാനുമതി മുഖേന അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 13,90,83,916/- രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**2702- 03- 101- 95-** - ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ- വാട്ടർ ടാങ്കുകൾ - നിലവിലുള്ള പ്രോജക്ട് ഏരിയയിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ - ഒറ്റത്തവണ സഹായം

ഓഫീസ് കെട്ടിടങ്ങൾ, ഐ.ബി കൾ, ക്വാർട്ടേഴ്സ് എന്നിവയുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി

ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

## സ്വീകരിച്ച നടപടി

ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. നടപ്പ് വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി അധിക തുക ആവശ്യമായി വരുന്ന പക്ഷം ഭരണാനുമതി, അധികച്ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ സഹിതം ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് അധിക തുക അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. 2 കോടി രൂപയുടെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 1,99,99,963.07 രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 1,97,092/-രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

## ശിപാർശ

**2702- 80- 005- 99-34** - ചെറുകിട ജലസേചനം - ജനറൽ-അന്വേഷണം - ചെറുകിട ജലസേചന പണികളെപ്പറ്റിയുള്ള വിശദമായ അന്വേഷണവും സംയോജിത പദ്ധതികൾ തയ്യാറാക്കലും - മറ്റു ചെലവുകൾ.

ചെറുകിട ജലസേചന പ്രവർത്തനങ്ങളിൽ പര്യവേഷണം തുടങ്ങുന്നതിനും വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

## സ്വീകരിച്ച നടപടി

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. എൽ.ഒ.സി ശീർഷകമായതിനാൽ സംസ്ഥാന മുൻഗണനാക്രമം പാലിച്ച് ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ആവശ്യമായ അധിക വിഹിതം

അനുവദിക്കാമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. അധിക തുക അനുവദിക്കാത്തതിനാൽ 2022-23 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൻ കീഴിൽ വിഭാവനം ചെയ്തിരുന്ന മുഴുവൻ പ്രവൃത്തികൾക്കും അനുമതി നൽകാനായില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 44,61,284/-രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**2702- 80- 052- 99** - <u>ചെറുകിട ജലസേചനം - ജനറൽ-യന്ത്രങ്ങളും ഉപകരണങ്ങളും - ചെറുകിട ജലസേചനത്തിന് വേണ്ടിയുള്ള യന്ത്രോപകരണങ്ങൾ</u>

2018-ലെ പ്രളയത്തിൽ പുഴകളിലും മറ്റു ജലാശയങ്ങളിലും അടിഞ്ഞു കൂടിയ മാലിന്യങ്ങളും ചെളിയും നീക്കംചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിനാവശ്യമായ യന്ത്രോപകരണങ്ങളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 9.775 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

**<u>സ്വീകരിച്ച നടപടി</u>**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. എൽ.ഒ.സി. ശീർഷകമായതിനാൽ സംസ്ഥാന മുൻഗണനാക്രമം പാലിച്ച് ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ആവശ്യമായ അധിക വിഹിതം അനുവദിക്കാമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കാത്തതിനാൽ ടി ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ പുഴകളിലും മറ്റ് ജലാശയങ്ങളിലും അടിഞ്ഞുകൂടിയ മാലിന്യങ്ങളും ചെളിയും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിന് ആവശ്യമായ യന്ത്രോപകരണങ്ങളും അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ കഴിഞ്ഞില്ല. എന്നാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ആകെ 13.63 ലക്ഷം രൂപ അധികധനാനുമതി മുഖേന അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 34,88,006/-രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4702- 00- 101- 99** -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം -ചെറുകിട ജലസേചന ജോലികൾ.

കാർഷിക ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള ചെക്ക് ഡാമുകൾ, ബണ്ടുകൾ, ചെറിയ തോടുകൾ, ക്രോസ്ബാറുകൾ, റെഗുലേറ്ററുകൾ എന്നിവയുടെ നിർമ്മാണത്തിനും നിലവിലുള്ള ജലസേചന നിർമ്മിതികളുടെ പുനഃരുദ്ധാരണത്തിനും ഉപ്പുവെള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്റ്റ് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. എൽ.ഒ.സി. ശീർഷകമായതിനാൽ സംസ്ഥാന മുൻഗണനാക്രമം പാലിച്ച് ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ആവശ്യമായ അധിക വിഹിതം അനുവദിക്കാമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. അധിക തുക അനുവദിക്കാത്തതിനാൽ 2022-23 വർഷത്തേയ്ക്ക് വിഭാവനം ചെയ്തിരുന്ന മുഴുവൻ പ്രവൃത്തികൾക്കും അനുമതി നൽകുവാനായില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 10,84,07,353/-രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4702- 00- 101- 97** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്- ഉപരിതലജലം -ലിഫ്റ്റ് ഇറിഗേഷൻ (ജില്ലാ പദ്ധതി)

മാറിയ കൃഷിരീതിയ്ക്കും കാലാവസ്ഥാ വ്യതിയാനങ്ങൾക്കും അനുസൃതമായി ചെറുകിട കർഷകർക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായുള്ള കൂടുതൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആരംഭിക്കുന്നതിനായി ഈ ശീർഷകത്തിൽ 11 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

## സ്വീകരിച്ച നടപടി

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. എൽ.ഒ.സി. ശീർഷകമായതിനാൽ സംസ്ഥാന മുൻഗണനാക്രമം പാലിച്ച് ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ആവശ്യമായ അധിക വിഹിതം അനുവദിക്കാമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. അധിക തുക അനുവദിക്കാത്തതിനാൽ 2022-23 വർഷത്തേയ്ക്ക് വിഭാവനം ചെയ്തിരുന്ന മുഴുവൻ പ്രവൃത്തികൾക്കും അനുമതി നൽകുവാനായില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 6,25,96,665/-രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

## ശിപാർശ

**4702- 00- 101- 93** -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം -ചെറുകിട ജലസേചന ജോലികൾ - നബാർഡ് സഹായത്തോടെയുള്ള പദ്ധതി.

നബാർഡ് XXVI വരെ അനുമതി ലഭ്യമാക്കിയ പദ്ധതികളുടെ ചെലവിലേയ്ക്കും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ആരംഭിക്കുന്നതിനായി സമർപ്പിച്ചിരിക്കുന്ന പുതിയ പദ്ധതികളുടെ നിർവ്വഹണത്തിനുമായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

## സ്വീകരിച്ച നടപടി

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. അധിക തുക അനുവദിക്കാത്തതിനാൽ 2022-23 വർഷത്തേയ്ക്ക് വിഭാവനം ചെയ്തിരുന്ന മുഴുവൻ പ്രവൃത്തികൾക്കും അനുമതി നൽകാനായില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 12,40,84,988/-രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്

**ശിപാർശ**

**4702- 00- 101- 90** -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് -ഉപരിതലജലം-ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കൽ.

പമ്പ് ഹൗസുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും ടി.ഒ.ഡി മീറ്റർ സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കാത്തതിനാൽ ടി ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തേയ്ക്ക് പദ്ധതികൾ ഏറ്റെടുക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ആകെ 8.52 ലക്ഷം രൂപ അധികധനാനുമതി മുഖേന അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 8,51,708/- രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4702- 00- 101- 89** -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് -ഉപരിതല ജലം -മലബാർ ജലസേചന പാക്കേജ് (മിർപാ) -റെഗുലേറ്ററുകളുടെയും ലിഫ്റ്റ്ഇറിഗേഷൻ പദ്ധതിയുടെയും പുനരുദ്ധാരണം.

മലബാർ പ്രദേശത്ത് നിലവിലുള്ള റെഗുലേറ്ററുകളുടെയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെയും പുനഃരുദ്ധാരണത്തിനും അതുവഴി ജലസേചനം മെച്ചപ്പെടുത്തുന്നതിനുമായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

**<u>സ്വീകരിച്ച നടപടി</u>**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. അധിക തുക അനുവദിക്കാത്തതിനാൽ 2022-23 വർഷത്തേയ്ക്ക് വിഭാവനം ചെയ്തിരുന്ന മുഴുവൻ പ്രവൃത്തികൾക്കും അനുമതി നൽകാനായില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 3,85,83,936/- രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4702- 00- 101- 87** -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ്- ഉപരിതല ജലം -കുളങ്ങളുടെ നവീകരണം

കുളങ്ങളുടെ ജലസംഭരണശേഷി വർദ്ധിപ്പിച്ച് ഭൂഗർഭ ജലവിതാനം ഉയർത്തി സമീപപ്രദേശങ്ങളിലെ വരൾച്ച പ്രതിരോധിക്കുന്നതിനും കൃഷിയ്ക്കാവശ്യമായ ജല ലഭ്യത ഉറപ്പുവരുത്തുന്നതിനും മറ്റു പൊതുആവശ്യങ്ങൾക്കുമായി സംസ്ഥാനത്തെ പൊതുകുളങ്ങളുടെ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾക്കായി നടപ്പുസാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

**<u>സ്വീകരിച്ച നടപടി</u>**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. ബില്ലുകൾ സമർപ്പിക്കുന്ന സാഹചര്യത്തിൽ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തി ബഡ്ജറ്റ് വിഹിതം ആവശ്യമായി വരുന്ന പക്ഷം പദ്ധതിയുടെ ഭരണാനുമതി, എസ്റ്റിമേറ്റ് വിശദാംശങ്ങൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ച് അധിക വിഹിതം അനുവദിക്കുന്നത് പരിഗണിക്കുന്നതാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കാത്തതിനാൽ ടി ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തിലുള്ള പദ്ധതികൾ ഏറ്റെടുക്കുവാൻ

കഴിഞ്ഞിരുന്നില്ല. എന്നാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ആകെ 2.56 കോടി രൂപ അധികധനാനുമതി മുഖേന അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 2,56,53,322/- രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4702- 00- 101- 84** - <u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്- ഉപരിതലജലം - മുൻഗണനാ പ്രവൃത്തികൾ</u>

നിലവിലുള്ള ജലസേചന നിർമ്മിതികളുടെ അറ്റകുറ്റപണികൾക്കായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

**<u>സ്വീകരിച്ച നടപടി</u>**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. എൽ.ഒ.സി. ശീർഷകമായതിനാൽ സംസ്ഥാന മുൻഗണനാക്രമം പാലിച്ച് ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ആവശ്യമായ അധിക വിഹിതം അനുവദിക്കാമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കാത്തതിനാൽ ടി ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തേയ്ക്ക് വിഭാവനം ചെയ്തിരുന്ന മുഴുവൻ പദ്ധതികളും ഏറ്റെടുക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ആകെ 1.17 കോടി രൂപ അധികധനാനുമതി മുഖേന അനുവദിച്ചു.പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 7,67,10,920/- രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4702- 00- 101- 82** -<u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം - ചെറുകിട ജലസേചനം - ക്ലാസ്സ് II.</u>

50 ഹെക്ടർ വരെ വിസ്തൃതിയുള്ള പ്രദേശത്ത് ജലസേചന സൗകര്യം കാര്യക്ഷമമായി ലഭ്യമാക്കുന്നതിനാവശ്യമായ സ്ട്രക്ച്ചറുകളുടെ നിർമ്മാണത്തിനും

പുനരുദ്ധാരണത്തിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുന:വിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

## <u>സ്വീകരിച്ച നടപടി</u>

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കാത്തതിനാൽ ടി ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തേയ്ക്ക് വിഭാവനം ചെയ്തിരുന്ന മുഴുവൻ പദ്ധതികളും ഏറ്റെടുക്കുവാൻ കഴിഞ്ഞിരുന്നില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 15,50,05,888/-രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

## ശിപാർശ

**4702- 00- 101- 79** - <u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്- ഉപരിതലജലം - ചെക്ക് ഡാമുകളും റെഗുലേറ്ററുകളും.</u>

ജലസേചന സൗകര്യം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിലേയ്ക്കായി പുതിയ ചെക്ക്ഡാമുകളും റെഗുലേറ്ററുകളും നിർമ്മിക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

## <u>സ്വീകരിച്ച നടപടി</u>

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക

അനുവദിക്കാത്തതിനാൽ ടി ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തിലുള്ള പദ്ധതികൾ ഏറ്റെടുക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ആകെ 5.31 ലക്ഷം രൂപ അധികധനാനുമതി മുഖേന അനുവദിച്ചു.പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 5,30,813/- രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4702- 00- 101- 77** -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-ഉപരിതലജലം -കാവേരി ബേസിനിലെ ചെറുകിട ജലസേചന പദ്ധതികൾ.

കാവേരി നദീതടത്തിലെ കബനി സബ് ബേസിനിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനും കാവേരി ട്രിബ്യൂണൽ ഉത്തരവ് പ്രകാരം കേരളത്തിനനുവദിച്ച 21 ടി.എം.സി. ജലത്തിന്റെ പൂർണ്ണമായ വിനിയോഗത്തിനും കൂടാതെ ഇടുക്കി,വയനാട്,പാലക്കാട് ജില്ലകളിലെ മഴനിഴൽ പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

**<u>സ്വീകരിച്ച നടപടി</u>**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. എൽ.ഒ.സി. ശീർഷകമായതിനാൽ സംസ്ഥാന മുൻഗണനാക്രമം പാലിച്ച് ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ആവശ്യമായ അധിക വിഹിതം അനുവദിക്കാമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കാത്തതിനാൽ ടി ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്തിരുന്ന മുഴുവൻ പദ്ധതികളും ഏറ്റെടുക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ആകെ 6.87 കോടി രൂപ അധികധനാനുമതി മുഖേന

അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 9,01,47,507/- രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4702- 00- 101- 73** - -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് ഉപരിതലജലം -ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനഃസ്ഥാപനം.

തുടർച്ചയായ വെള്ളപ്പൊക്കവും മഴക്കെടുതിയുംമൂലം പമ്പ് ഹൗസുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും ഉണ്ടാകുന്ന നാശനഷ്ടം പരിഹരിക്കുന്നതിനും കൂടുതൽ പ്രദേശത്ത് കാർഷിക ആവശ്യങ്ങൾക്ക് വേണ്ടിയുള്ള ജലലഭ്യത ഉറപ്പുവരുത്തുന്നതിനായുള്ള ലീഡിംഗ് ചാനലിന്റെ നിർമ്മാണത്തിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. എൽ.ഒ.സി. ശീർഷകമായതിനാൽ സംസ്ഥാന മുൻഗണനാക്രമം പാലിച്ച് ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ആവശ്യമായ അധിക വിഹിതം അനുവദിക്കാമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കാത്തതിനാൽ ടി ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്തിരുന്ന മുഴുവൻ പദ്ധതികളും ഏറ്റെടുക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ആകെ 3.92 കോടി രൂപ അധികധനാനുമതി മുഖേന അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 8,03,89,073/- രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4702- 00- 101- 71** -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം - ഭവാനി തടം-അട്ടപ്പാടിയിൽ ചെക്ക്ഡാമുകൾ -

പാലക്കാട് ജില്ലയിലെ അട്ടപ്പാടി ആദിവാസി മേഖലയിൽ കൃഷിയ്ക്കും കുടിവെള്ളത്തിനും ആവശ്യമായ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള ചെക്ക് ഡാമുകൾ, കുളങ്ങൾ, എൽ.ഐ. പദ്ധതികൾ എന്നിവ ആവിഷ്കരിക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

## സ്വീകരിച്ച നടപടി

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. എൽ.ഒ.സി. ശീർഷകമായതിനാൽ സംസ്ഥാന മുൻഗണനാക്രമം പാലിച്ച് ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ആവശ്യമായ അധിക വിഹിതം അനുവദിക്കാമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കാത്തതിനാൽ ടി ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്തിരുന്ന മുഴുവൻ പദ്ധതികളും ഏറ്റെടുക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ആകെ 37.53 ലക്ഷം രൂപ അധികധനാനുമതി മുഖേന അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 2,17,51,280/- രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

### ശിപാർശ

**4702- 00- 101- 68** -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം -പ്രധാന മന്ത്രി കൃഷി സിൻചായി യോജന (60%) കേന്ദ്രാവിഷ്കൃത പദ്ധതി)

പദ്ധതിയുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയതിന്റെ അടിസ്ഥാനത്തിൽ നടപ്പുസാമ്പത്തിക വർഷം കൂടുതൽ പ്രവൃത്തികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 40 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

**<u>സ്വീകരിച്ച നടപടി</u>**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. പി.എം.കെ.എസ്.വൈ-യുടെ പുതുക്കിയ മാർഗ്ഗരേഖ പ്രകാരം പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി പുതിയ പദ്ധതികളുടെ വിശദവിവരങ്ങൾ സമർപ്പിക്കുന്നതിനുവേണ്ട നിർദ്ദേശം കീഴ് കാര്യാലയങ്ങളിലേയ്ക്ക് നൽകിയിട്ടുണ്ട്. വിശദമായ പദ്ധതി രേഖ തയ്യാറാകുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ച് പദ്ധതികൾ നടപ്പിൽ വരുത്തുന്നതാണ്. 2022-23 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**ശിപാർശ**

**4702- 00- 101- 66** - <u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്- ഉപരിതലജലം -ചെറുകിട ജലസേചന ജോലികൾ - ഹരിത കേരളം പദ്ധതികൾ.</u>

ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട ജലസ്രോതസ്സുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുന:വിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

**<u>സ്വീകരിച്ച നടപടി</u>**

ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. അധിക തുക അനുവദിക്കാത്തതിനാൽ 2022-23 വർഷം വിഭാവനം ചെയ്തിരുന്ന മുഴുവൻ പ്രവൃത്തികൾക്കും അനുമതി നൽകുവാനായില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 4,36,01,478/- രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4702- 00- 101- 65** - <u>ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്</u> - <u>ഉപരിതലജലം -ചെറുകിട ജലസേചനം- ക്ലാസ് II</u> - <u>ഹരിത കേരളം പദ്ധതികൾ.</u>

ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം ഉൾപ്പെടെയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

## സ്വീകരിച്ച നടപടി

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. എൽ.ഒ.സി. ശീർഷകമായതിനാൽ സംസ്ഥാന മുൻഗണനാക്രമം പാലിച്ച് ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ആവശ്യമായ അധിക വിഹിതം അനുവദിക്കാമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കാത്തതിനാൽ ടി ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്തിരുന്ന മുഴുവൻ പദ്ധതികളും ഏറ്റെടുക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ആകെ 3.42 കോടി രൂപ അധികധനാനുമതി മുഖേന അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 9,92,32,308/- രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

### ശിപാർശ

**4702- 00- 101- 64** -ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം -ടാങ്കുകളുടെയും കുളങ്ങളുടെയും -നവീകരണം- പ്രാദേശിക ജലസ്രോതസ്സുകളുടെ സംരക്ഷണം

ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താത്ത ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

<u>**സ്വീകരിച്ച നടപടി**</u>

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കാത്തതിനാൽ ടി ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തിലുള്ള പദ്ധതികൾ ഏറ്റെടുക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ആകെ 1.20 കോടി രൂപ അധികധനാനുമതി മുഖേന അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 1,20,32,380/- രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4702- 00- 101- 63** <u>-ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം -ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം - പ്രാഥമിക ജലസ്രോതസ്സുകളുടെ സംരക്ഷണം- ഹരിത കേരളം പദ്ധതികൾ</u>

ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട കുളങ്ങളുടെ നവീകരണത്തിനായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

<u>**സ്വീകരിച്ച നടപടി**</u>

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. എൽ.ഒ.സി. ശീർഷകമായതിനാൽ സംസ്ഥാന മുൻഗണനാക്രമം പാലിച്ച് ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ആവശ്യമായ അധിക വിഹിതം അനുവദിക്കാമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിരുന്നു. സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അനുവദിക്കാത്തതിനാൽ ടി ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്തിരുന്ന മുഴുവൻ പദ്ധതികളും ഏറ്റെടുക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ആകെ 4.92 കോടി രൂപ അധികധനാനുമതി മുഖേന

അനുവദിച്ചു. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 12,42,59,291/- രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4702- 00- 101- 61** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്- ഉപരിതലജലം -ചെറുകിട ജലസേചന പദ്ധതികൾ - നബാർഡ് ആർ ഐ ഡി എഫ് സഹായം

നബാർഡ് സഹായത്തോടു കൂടിയ പുതിയ ചെറുകിട ജലസേചന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. 2022-23 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. അധിക തുക അനുവദിക്കാത്തതിനാൽ 2022-23 വർഷം വിഭാവനം ചെയ്തിരുന്ന മുഴുവൻ പ്രവൃത്തികൾക്കും അനുമതി നൽകുവാനായില്ല.

**ശിപാർശ**

**4702- 00- 102- 97** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്- ഭൂഗർഭജലം - ഭൂഗർഭജല സംരക്ഷണവും സംഭരണവും

കാലാവസ്ഥ വ്യതിയാനം മൂലമുള്ള ജലവിഭവങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി ഭൂജലസംപോഷണ മാർഗ്ഗങ്ങൾ സംസ്ഥാന വ്യാപകമായി നടപ്പില്ലാക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ച ജലസംരക്ഷണ പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കുള്ള ബജറ്റ് വിഹിതമായി വകുപ്പിന് അനുവദിച്ച 9 കോടി രൂപയിൽ അലോട്ട്മെന്റായി ലഭ്യമായത് 5.85 കോടി രൂപ മാത്രമാണ്. 9 കോടി രൂപയുള്ള വിവിധ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയിരുന്നു. ലഭ്യമായ 5.85 കോടി രൂപയിൽ 5.41 കോടി രൂപ ചെലവഴിക്കുകയും ശേഷിക്കുന്ന 0.44 ലക്ഷം തുകയുടെ പ്രവൃത്തികളുടെ ബിൽ ട്രഷറിയിൽ സമർപ്പിക്കുകയും ചെയ്തുവെങ്കിലും നിയന്ത്രണം ഉള്ളതിനാൽ ചെലവഴിക്കുവാൻ സാധിച്ചിട്ടില്ല.

**ശിപാർശ**

**4702- 00- 102- 94 (01)** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്- ഭൂഗർഭജലം - ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതി- മരാമത്തുകൾ.

കുടിവെള്ള ലഭ്യത പൂർണ്ണമായോ, ഭാഗികമായോ ഇല്ലാത്ത സ്ഥലങ്ങളിൽ_കുഴൽ കിണറുകൾ നിർമ്മിച്ച് 75 ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിച്ചിരുന്നില്ല. പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച 4 കോടി രൂപയിൽ നിന്നും 31.03.2023 വരെ 3.97 കോടി രൂപയുടെ ധനവിനിയോഗം നടത്തിയിട്ടുണ്ട്.

**ശിപാർശ**

**2700 - 01** - വൻകിട ജലസേചനം - പെരിയാർ നദീതട പദ്ധതി (വാണിജ്യപരം)

പെരിയാർ നദീതട പദ്ധതിയിലുൾപ്പെട്ട, കാലപ്പഴക്കംമൂലം ജീർണ്ണാവസ്ഥയിലായ, 700 കിലോമീറ്ററിലധികം ദൈർഘ്യമുള്ള കനാൽ ശൃംഖലയുടെ അറ്റകുറ്റപ്പണികൾക്കായി നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

## <u>സ്വീകരിച്ച നടപടി</u>

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പദ്ധതി വിഭാഗം 2, ചീഫ് എഞ്ചിനീയർ 27.07.2022-ൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അധിക ധനാനുമതി ലഭ്യമായിരുന്നില്ല. എന്നാൽ എസ്റ്റാബ്ലിഷ്മെന്റ് ശീർഷകങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായും കരാറുകാരുടെ കുടിശ്ശിക ബിൽ തീർപ്പാക്കി നൽകുന്നതിനായും വിവിധ ശീർഷകങ്ങളിൽ ആകെ 22,90,000/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ആകെ 16,91,85,641/- രൂപ ചെലവഴിച്ചിട്ടുണ്ട്.

## ശിപാർശ

**2700 - 02** - <u>വൻകിട ജലസേചനം - മലമ്പുഴ പദ്ധതി (വാണിജ്യപരം)</u>

മലമ്പുഴ പദ്ധതിയുമായി ബന്ധപ്പെട്ട സംരക്ഷണ പണികൾക്കായി 13.1 കോടി രൂപയും ഓഫീസിനു കീഴിലുള്ള ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ വൈദ്യുതി ചെലവിനത്തിലായി 30 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 13.4 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

## <u>സ്വീകരിച്ച നടപടി</u>

മലമ്പുഴ പദ്ധതിയുമായി ബന്ധപ്പെട്ട് ഭരണച്ചെലവ് ഇനത്തിൽ 967.68 ലക്ഷം രൂപയും കനാലുകളുടെ അറ്റകുറ്റപ്പണികൾക്കായി 414.08 ലക്ഷം രൂപയും അടക്കം

1381.76 ലക്ഷം രൂപ ചെലവ് വന്നിട്ടുണ്ട്. വൈദ്യുതി ചാർജ്ജ് ഇനത്തിൽ തൻവർഷം 29.26 ലക്ഷം രൂപ അധിക ധനാനുമതിയിലൂടെ ലഭ്യമാക്കി ചെലവഴിച്ചിട്ടുണ്ട്. തൻവഷം അധിക തുക ആവശ്യമായി വന്നിട്ടില്ല.

**ശിപാർശ**

**2700 - 03** - <u>വൻകിട ജലസേചനം - വാളയാർ പദ്ധതി (വാണിജ്യപരം)</u>

വാളയാർ പദ്ധതിയുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ സാധിക്കാത്ത വാർഷിക അറ്റകുറ്റപ്പണികൾക്കായും പൂന്തോട്ടത്തിന്റെ നവീകരണത്തിനായും ഈ ശീർഷകത്തിൽ 34.79 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

**<u>സ്വീകരിച്ച നടപടി</u>**

98.95 ലക്ഷം രൂപയുടെ ആക്ഷൻ പ്ലാൻ അംഗീകരിച്ച് പ്രവൃത്തികൾ നടപ്പിലാക്കി. കനാൽ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി തൻവർഷം 34.03 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി പ്രദേശത്ത് ജലവിതരണം സുഗമമാക്കി.

**ശിപാർശ**

**2700 - 04** - <u>വൻകിട ജലസേചനം - മംഗലം പദ്ധതി (വാണിജ്യപരം)</u>

മംഗലം പദ്ധതിയുമായി ബന്ധപ്പെട്ട സംരക്ഷണപ്പണികൾക്കായി 3 കോടി രൂപയും വൈദ്യുതി ചെലവിനത്തിലായി 2.5 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 3.025 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

**<u>സ്വീകരിച്ച നടപടി</u>**

മംഗലം പദ്ധതിയുമായി ബന്ധപ്പെട്ട കനാലുകളുടെ അറ്റകുറ്റപണികൾക്കായി 65.34 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. കൂടാതെ അധിക ധനാനുമതിയിലൂടെ 0.25 ലക്ഷം രൂപ വൈദ്യുതച്ചെലവിനത്തിൽ ലഭ്യമായിട്ടുണ്ട്. അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ**

**2700-05** - വൻകിട ജലസേചനം - മീങ്കര പദ്ധതി (വാണിജ്യപരം)

മീങ്കര പദ്ധതിയിൽ ഉൾപ്പെട്ട ഗായത്രി ഡാം, ചുള്ളിയാർ ഡാം, പലകപ്പാണ്ടി ഡൈവേർഷൻ സിസ്റ്റം എന്നിവയുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായും വൈദ്യുതി ചെലവിനത്തിലും പൂന്തോട്ട നവീകരണത്തിനുമായി ഈ ശീർഷകത്തിൽ 97.08 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

**സ്വീകരിച്ച നടപടി**

മീങ്കര പദ്ധതിയുമായി ബന്ധപ്പെട്ട കനാലുകളുടെ അറ്റകുറ്റപ്പണികൾക്കായി 38.07 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ**

**2700-11** - വൻകിട ജലസേചനം - നെയ്യാർ ജലസേചന പദ്ധതി (വാണിജ്യേതരം)

നെയ്യാർ ജലസേചന പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാൽ ശൃംഖലയുടെ സംരക്ഷണത്തിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5928 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പദ്ധതി വിഭാഗം 2, ചീഫ് എഞ്ചിനീയർ 27.07.2022-ൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അധിക ധനാനുമതി ലഭ്യമായിരുന്നില്ല. എന്നാൽ എസ്റ്റാബ്ലിഷ്മെന്റ് ശീർഷകങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായും കരാറുകാരുടെ കുടിശ്ശിക ബിൽ തീർപ്പാക്കി നൽകുന്നതിനായും 2700-11-101-98-00-18-N-V എന്ന ശീർഷകത്തിൽ ആകെ 94,19,000/- രൂപയും 2700-11-101-98-00-34-03-N-V എന്ന ശീർഷകത്തിൽ ആകെ 1,19,000/-രൂപയും

അധികമായി അനുവദിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ആകെ 4,42,21,677/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

**2700-12** - വൻകിട ജലസേചനം - പഴശ്ശി പദ്ധതി (വാണിജ്യേതരം)

പഴശ്ശി പദ്ധതിയുമായി ബന്ധപ്പെട്ട കനാൽ സംരക്ഷണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

**സ്വീകരിച്ച നടപടി**

പ്രസ്തുത ശീർഷകത്തിൽ നിന്നും ജീവനക്കാരുടെ വേതനയിനത്തിൽ 324.09 ലക്ഷം രൂപയും, കനാലുകളുടെ അറ്റകുറ്റപ്പണികൾക്കായി 72.10 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 396.19 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ**

**2700-13** - വൻകിട ജലസേചനം - കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)

കുറ്റ്യാടി ജലസേചന പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന 603 കിലോമീറ്റർ ദൈർഘ്യമുള്ള കനാൽ ശൃംഖല, ജലവിതരണത്തിന് മുന്നോടിയായി വൃത്തിയാക്കുന്ന പ്രവൃത്തിക്കായും ഡാം പരിസരം കൂടുതൽ ആകർഷണീയമാക്കുന്നതിനാവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 3.5368 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

**സ്വീകരിച്ച നടപടി**

ജീവനക്കാരുടെ വേതനത്തിനും കൂടാതെ കനാലുകൾ വൃത്തിയാക്കുന്നതും, ഡാം പരിസരം മനോഹരമാക്കുന്നതുമായ പ്രവൃത്തികളുടെ ബില്ലുകൾ പേയ്മെന്റ് നടപടികൾകൾക്കായി EMLI സോഫ്റ്റ്വെയറിൽ പെൻഡിംഗ് ബിൽ ഇനത്തിൽ

അപ്‌ലോഡ് ചെയ്യുകയും തുടർന്ന് LOC ലഭ്യമാകുന്ന മുറയ്ക്ക് ബില്ലുകൾ പേയ്മെന്റ് ചെയ്യുകയും ചെയ്യുന്നു. 2700-13-101-98-00-18, 2700-13-101-98-82 എന്നീ ശീർഷകങ്ങളിൽ 2022-23 സാമ്പത്തിക വർഷം LOC ലഭ്യമായ 279.79 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ**

**2700-14** - വൻകിട ജലസേചനം - വടക്കാഞ്ചേരി പദ്ധതി (വാണിജ്യേതരം)

വാഴാനി പൂന്തോട്ടത്തിൽ പുതിയ ചെടികൾ വച്ചുപിടിപ്പിക്കുന്നതിനും പഴയവയുടെ പരിപാലനത്തിനും മറ്റ് നിർമ്മിതികൾ പുനരുദ്ധരിച്ച് പൂന്തോട്ടം കൂടുതൽ ആകർഷണീയമാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായിപദ്ധതി വിഭാഗം 2, ചീഫ് എഞ്ചിനീയർ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. എന്നാൽ കരാറുകാരുടെ കുടിശ്ശിക ബിൽ തീർപ്പാക്കി നൽകുന്നതിനായി 2700-14-101-98-00-18-N-V എന്ന ശീർഷകത്തിൽ ആകെ 19,90,000/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ആകെ 71,19,698/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

**2700-16** - വൻകിട ജലസേചനം - പമ്പാ ജലസേചന പദ്ധതി (വാണിജ്യേതരം)

പമ്പാ ജലസേചന പദ്ധതിയിൽ ഉൾപ്പെടുന്ന 500 കിലോമീറ്ററിലധികം ദൈർഘ്യമുള്ള കനാൽ ശൃംഖലയുടെ പുനരുദ്ധാരണത്തിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. എന്നാൽ എസ്റ്റാബ്ലിഷ്മെന്റ് ശീർഷകങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കി നൽകുന്നതിനായും വിവിധ ശീർഷകങ്ങളിൽ ആകെ 36,46,000 രൂപ അധികമായി ലഭിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ആകെ 8,23,85,601/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

**2700-17** - വൻകിട ജലസേചനം - ചിറ്റൂർപുഴ പദ്ധതി (വാണിജ്യേതരം)

പ്രസ്തുത പദ്ധതികൾ ഉൾപ്പെട്ടുവരുന്ന കനാലിന്റെ സംരക്ഷണ പ്രവൃത്തികൾക്കായും MLIS വൈദ്യുതി ചാർജ്ജ്, മൂലത്തറ റെഗുലേറ്ററിന്റെ വൈദ്യുതി ചാർജ്ജ്, ഇലക്ട്രിക് ഇൻസ്പെക്ടറുടെ ചാർജ്ജ് എന്നിവ നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 1.131 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

**സ്വീകരിച്ച നടപടി**

ചിറ്റൂർപുഴ പദ്ധതിയുടെ കീഴിൽ വരുന്ന കനാൽ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 202.96 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി പ്രദേശത്ത് നെൽകൃഷിയ്ക്കുള്ള ജലവിതരണം സുഗമമാക്കി. അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ**

**2700-18** - വൻകിട ജലസേചനം - കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)

ജലവിതരണത്തിന് മുന്നോടിയായി കനാലുകളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും വളർന്നു നിൽക്കുന്ന ചെടികളും നീക്കം ചെയ്യുന്നതിനും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കാഞ്ഞിരപ്പുഴ ഡാമിന്റെയും കനാലുകളുടെയും മറ്റു അനുബന്ധ നിർമ്മിതികളുടെയും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 6.4302 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

**സ്വീകരിച്ച നടപടി**

കാഞ്ഞിരപ്പുഴ പദ്ധതിയുമായി ബന്ധപ്പെട്ട് ഭരണച്ചെലവിനത്തിൽ 470.21 ലക്ഷം രൂപയും അറ്റകുറ്റപണികൾക്കായി 123.32 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 593.53 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ**

**2700-25** - വൻകിട ജലസേചനം - മൂലത്തറ ആർ.ബി.കനാൽ (വാണിജ്യേതരം)

വൈദ്യുതി ചാർജ്ജ്, കെട്ടിട വാടക എന്നീ ചെലവിനങ്ങൾക്കായി ഈ ശീർഷകത്തിൽ 9.99 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

**സ്വീകരിച്ച നടപടി**

മൂലത്തറ ആർ.ബി. കനാൽ പദ്ധതിയുടെ കീഴിൽ വരുന്ന കനാൽ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 13.89 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതിയുടെ പ്രദേശത്ത് ജലവിതരണം സുഗമമാക്കി. അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ**

**2700-26-101-98-34-2**- വൻകിട ജലസേചനം - തണ്ണീർമുക്കം പദ്ധതി (വാണിജ്യേതരം) -സംരക്ഷണപ്പണികൾ - സംരക്ഷണപ്പണികൾ - മറ്റു ചെലവുകൾ -മറ്റു ചെലവുകൾ- വൈദ്യുതി ചെലവ്

തണ്ണീർമുക്കം റെഗുലേറ്ററുകളുടെ പ്രവർത്തനത്തിനുള്ള വൈദ്യുതി ചാർജ്ജ്, കുടിശ്ശിക ഉൾപ്പെടെ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

**സ്വീകരിച്ച നടപടി**

സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 21.11.2022 തീയതിയിലെ

സ.ഉ. (ആർ.ടി) 7851/2022/ധന പ്രകാരം 3,69,000/- രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക തണ്ണീർമുക്കം ബണ്ടിന്റെ വൈദ്യുത ചാർജ്ജ് ഇനത്തിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 5,26,000/- രൂപ ചിലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

**2700-27** - വൻകിട ജലസേചനം - കല്ലട ജലസേചന പദ്ധതി (വാണിജ്യേതരം)

കല്ലട ജലസേചന പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന 1000 കിലോമീറ്ററിലധികം ദൈർഘ്യമുള്ള കനാൽ ശൃംഖലയുടെ സംരക്ഷണത്തിനും ജലവിതരണം സുഗമമാക്കുന്നതിനുള്ള അടിയന്തര അറ്റകുറ്റപ്പണികൾക്കുമായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10.75 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

**സ്വീകരിച്ച നടപടി**

ധനപുനവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. എന്നാൽ എസ്റ്റാബ്ലിഷ്മെന്റ് ശീർഷകങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനായും വിവിധ ശീർഷകങ്ങളിൽ ആകെ 68,65,000/- രൂപ അധികമായി ലഭിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ആകെ 23,54,93,134/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

**2701-02** - ഇടത്തരം ജലസേചനം - ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യപരം)

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന 360 കിലോമീറ്ററിലധികം ദൈർഘ്യമുള്ള കനാൽ ശൃംഖലയുടെ സംരക്ഷണത്തിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൻ

3 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പദ്ധതി വിഭാഗം 2, ചീഫ് എഞ്ചിനീയർ 27.07.2022-ൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. എന്നാൽ പമ്പ് ഓപ്പറേറ്ററുടെ കുടിശ്ശിക വേതനം നൽകുന്നതിനായി 2701-02-101-99-N-V എന്ന ശീർഷകത്തിൽ ആകെ 4,48,000/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ നിന്നും ആകെ 1,77,23,600/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

**2701-11** - ഇടത്തരം ജലസേചനം - പോത്തുണ്ടി പദ്ധതി (വാണിജ്യേതരം)

പോത്തുണ്ടി പദ്ധതിയിൽ സംരക്ഷണപ്പണികൾക്കായി 4.55 കോടി രൂപയും വൈദ്യുതി ചെലവിനത്തിൽ 30 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൻ 4.85 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

**സ്വീകരിച്ച നടപടി**

പോത്തുണ്ടി പദ്ധതിയുമായി ബന്ധപ്പെട്ട കനാലുകളുടെ അറ്റകുറ്റപ്പണികൾക്കായി 165.99 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. വകുപ്പിൽ നിന്നുള്ള പ്രത്യേക അപേക്ഷയിൽ അധിക ധനാനുമതിയായി തുക അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

**2701-12** - ഇടത്തരം ജലസേചനം - അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)

അട്ടപ്പാടി പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന ഓഫീസ് കെട്ടിടം, ക്വാർട്ടേഴ്സുകൾ, ഐ.ബി. എന്നിവ അറ്റകുറ്റപ്പണി നടത്തി നവീകരിക്കുന്നതിനായി ഈ

ശീർഷകത്തിൻ 1.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

## സ്വീകരിച്ച നടപടി

അട്ടപ്പാടി ജലസേചന പദ്ധതിക്കായി നിർമ്മിക്കപ്പെട്ടിട്ടുള്ള ക്വാർട്ടേഴ്സുകളുടെയും ഓഫീസ് കാര്യാലയങ്ങളുടെയും, ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെയും അറ്റകുറ്റപ്പണികൾക്കായാണ് നോൺപ്ലാൻ ഫണ്ടിൽ 150 ലക്ഷം രൂപ അധിക സാമ്പത്തികാനുമതിക്ക് അപേക്ഷിച്ചിരുന്നത്. എന്നാൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനും ഫീൽഡ്തല പരിശോധനകൾക്കും അവലോകനത്തിനും വേണ്ടി ഭവാനി ബേസിൻ കാര്യാലയങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പെടെയുള്ള സാങ്കേതിക വിഭാഗം ജീവനക്കാരുടെ അപര്യാപ്തത മൂലം തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമായതിനാൽ സമയബന്ധിതമായി പ്രസ്തുത പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കുവാൻ സാധിച്ചില്ല.

## ശിപാർശ

**2701-14** - ഇടത്തരം ജലസേചനം - ചിമ്മിണി പദ്ധതി (വാണിജ്യേതരം)

DSR ലുള്ള വർദ്ധനവ്മൂലം എല്ലാ പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തുക വർദ്ധിച്ചതിനാൽ ചിമ്മിണി പദ്ധതിയുമായി ബന്ധപ്പെട്ട അടിയന്തര അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൻ 2.52 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 78)

## സ്വീകരിച്ച നടപടി

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പദ്ധതി വിഭാഗം 2, ചീഫ് എഞ്ചനീയർ 27.07.2022-ൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക

അനുവദിച്ചിരുന്നില്ല. 2022-23 സാമ്പത്തിക വർഷം ആകെ 57,78,418/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

**2701-15-101-98-34-2**- <u>ഇടത്തരം ജലസേചനം- കുട്ടനാട് വികസന പദ്ധതി (വാണിജ്യേതരം) - സംരക്ഷണപ്പണികൾ - സംരക്ഷണ പ്പണികൾ - മറ്റു ചെലവുകൾ - മറ്റു ചെലവുകൾ - വൈദ്യുതി ചെലവ്.</u>

തോട്ടപ്പള്ളി സ്പിൽവേയുടെ വൈദ്യുതി ചെലവിനത്തിലായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

**<u>സ്വീകരിച്ച നടപടി</u>**

ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്റ്റ് കമ്മിറ്റി ശിപാർശ പ്രകാരമുള്ള അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 21.11.2022 തീയതിയിലെ സ.ഉ. (ആർ.ടി) 7843/2022/ ധന പ്രകാരം 2,00,000/- രൂപ അധിക ധനാനുമതിയായി അനുവദിച്ചു. പ്രസ്തുത തുക തോട്ടപ്പള്ളി സ്പിൽവേയുടെ വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ**

**2701 - 80 -001- 92-99** -<u>ഇടത്തരം ജലസേചനം - ജനറൽ - ഭരണവും നടത്തിപ്പും - വകുപ്പ് നവീകരണവും ഇ - ഗവേർണൻസും- വിവരസാങ്കേതിക വിദ്യ.</u>

വകുപ്പ് നവീകരണത്തിന്റെ ഭാഗമായി ഇ -ഓഫീസ്, ജി. ഐ. എസ്. പ്ലാറ്റ്ഫോം എന്നിവ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 1.2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

## സ്വീകരിച്ച നടപടി

ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. അധിക ധനാനുമതിയായി ഫണ്ട് അനുവദിച്ചിട്ടില്ലാത്തതിനാൽ ജലസേചന വകുപ്പിന് കീഴിലുള്ള ഓഫീസുകൾക്ക് കമ്പ്യൂട്ടറുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവ അറ്റകുറ്റപ്പണി ചെയ്യുന്നതിനും പുതിയ കമ്പ്യൂട്ടർ വാങ്ങുന്നതിനും സാധിച്ചിട്ടില്ല. ലഭ്യമായ ഫണ്ടിൽ നിന്ന് പരമാവധി അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ആകെ 71,27,894/- രൂപ ചെലവഴിച്ചിട്ടുണ്ട്.

### ശിപാർശ

**2701 – 80 -052- 98-02-5** - ഇടത്തരം ജലസേചനം - ജനറൽ - യന്ത്രോപകരണങ്ങൾ - വാഹനങ്ങളും അറ്റകുറ്റപ്പണികളും - വേതനം - ദിവസവേതനം.

ആലപ്പുഴ മെക്കാനിക്കൽ ഡിവിഷൻ വർക്ക്ഷോപ്പിലെ ജീവനക്കാരുടെ വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

## സ്വീകരിച്ച നടപടി

ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. എന്നാൽ പ്രസ്തുത ശീർഷകം വേതനം നൽകുന്നതിന് വേണ്ടിയുള്ളതായതിനാൽ ഫണ്ട് നിലവിൽ ഇല്ലെങ്കിലും ആലപ്പുഴ മെക്കാനിക്കൽ ഡിവിഷനിലെ ജീവനക്കാർക്ക് വേതനം നൽകുന്നതിന് തടസ്സമുണ്ടായില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 2022-23 സാമ്പത്തിക വർഷം ആകെ 78,37,662/- രൂപ ചെലവഴിച്ചിട്ടുണ്ട്.

### ശിപാർശ

**2701-80-052-98-34-3** - ഇടത്തരം ജലസേചനം - ജനറൽ - യന്ത്രോപകരണങ്ങൾ - വാഹനങ്ങളും അറ്റകുറ്റപ്പണികളും - മറ്റു ചെലവുകൾ- മറ്റിനം.

വകുപ്പ് പുതുതായി വാങ്ങി ഉപയോഗിക്കുന്ന യന്ത്രോപകരണങ്ങളായ എസ്കവേറ്റർ, ഡ്രഡ്ജർ, ജെ.സി.ബി. എന്നിവയുടെ അധിക ചെലവിനായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

**<u>സ്വീകരിച്ച നടപടി</u>**

ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. എന്നാൽ 02.09.2022 തീയതിയിലെ സ.ഉ. (ആർ.ടി) നം.6186/2022/ധന, 17.03.2023 തീയതിയിലെ സ.ഉ. (ആർ.ടി) നം. 2040/2023 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 62 ലക്ഷം രൂപയുടെ അധിക ധനാനുമതി സർക്കാർ വകുപ്പിൽ നിന്നുള്ള പ്രത്യേക അപേക്ഷയിന്മേൽ അനുവദിച്ചു. വെള്ളപ്പൊക്ക ഭീഷണിയുമായി ബന്ധപ്പെട്ട് മെക്കാനിക്കൽ ഡിവിഷൻ ആലപ്പുഴയുടെ കീഴിൽ പ്രവർത്തിക്കുന്ന ഷട്ടറുകൾക്കുള്ള അറ്റകുറ്റപ്പണികൾ, കുട്ടനാട്, വേമ്പനാട്, വെള്ളായണി കായലുകളിൽ അടിഞ്ഞുകൂടിയ പോളകൾ മാറ്റുന്നത് സംബന്ധിച്ച പ്രവൃത്തികൾ, മൺസൂൺ മുന്നൊരുക്കങ്ങളുടെ ഭാഗമായി ചെയ്ത് തീർക്കേണ്ട പ്രവൃത്തികൾ എന്നിവ ഡിപ്പാർട്ട്മെന്റിന്റെ പ്രവൃത്തികൾ ആയി ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 2022-23 സാമ്പത്തിക വർഷം ആകെ 1,06,91,847/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

**2711 - 01- 103- 99- 34- 3** <u>-വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും -വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ വർക്സ് - വെള്ളപ്പൊക്ക നിയന്ത്രണപ്പണികൾ -സംരക്ഷണം- മറ്റു ചെലവുകൾ - മറ്റിനം.</u>

തുടർച്ചയായുണ്ടാകുന്ന വെള്ളപ്പൊക്കം മൂലമുള്ള നാശനഷ്ടങ്ങൾ ലഘൂകരിക്കുന്നതിന് വേണ്ടിയുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 14

കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. അധിക ധനാനുമതിയായി ഫണ്ട് അനുവദിക്കാത്തതിനാൽ ടി ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തിലേയ്ക്ക് വിഭാവനം ചെയ്തിരുന്ന മുഴുവൻ പദ്ധതികളും ഏറ്റെടുക്കാൻ കഴിഞ്ഞില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 9,94,34,874/- രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**2711 - 01- 103- 98- 34- 3-** വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ വർക്സ് - വെള്ളപ്പൊക്കക്കെടുതികൾ മൂലമുള്ള അറ്റകുറ്റപ്പണികൾ - മറ്റു ചെലവുകൾ - മറ്റിനം

തുടർച്ചയായുണ്ടാകുന്ന പ്രളയം മൂലമുള്ള വെള്ളപ്പൊക്കകെടുതികൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുന: വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. അധിക ധനാനുമതിയായി ഫണ്ട് അനുവദിക്കാത്തതിനാൽ ടി ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്തിരുന്ന മുഴുവൻ പദ്ധതികളും ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല.

എന്നാൽ മുൻ വർഷം ഏറ്റെടുത്ത പ്രവൃത്തികൾക്ക് പേയ്മെന്റ് നല്കുന്നതിനായി ആകെ 3,76,85,000/- രൂപ അധിക ധനാനുമതിയായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 7,07,59,701/- രൂപയുടെ ധനവിനിയോഗം നടന്നിട്ടുമുണ്ട്.

**ശിപാർശ**

**2711 - 02- 103- 99- 34- 3-** വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും- കടലാക്രമണ നിരോധന പദ്ധതികൾ - സിവിൽ വർക്സ് - കടലാക്രമണ നിരോധന പണികൾ - സംരക്ഷണം - മറ്റു ചെലവുകൾ - മറ്റിനം.

സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിൽ മൺസൂൺ മാസങ്ങളിലുണ്ടാകുന്ന രൂക്ഷമായ കടലാക്രമണകെടുതികൾ നേരിടുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 27.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. അധിക ധനാനുമതിയായി ഫണ്ട് അനുവദിക്കാത്തതിനാൽ ടി ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ അധികമായി പദ്ധതികൾ ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ മുൻവർഷം ഏറ്റെടുത്ത പ്രവൃത്തികൾക്ക് പേയ്മെന്റ് നൽകുന്നതിനായി ആകെ 5,92,76,000/- രൂപ അധിക ധനാനുമതിയായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 13,43,50,074/- രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4700 - 12** - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - പഴശ്ശി പദ്ധതി (വാണിജ്യേതരം.)

പഴശ്ശി പദ്ധതിയിൽ ഉൾപ്പെട്ടു വരുന്ന മെയിൻ കനാലിന്റെയും മാഹി ബ്രാഞ്ച് കനാലിന്റെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 11.59 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

**സ്വീകരിച്ച നടപടി**

ബഡ്ജറ്റിൽ വകയിരുത്തിയ 10 കോടി രൂപയുടെ ആക്ഷൻ പ്ലാൻ അംഗീകരിച്ച് പ്രവൃത്തി നടപ്പിലാക്കി. അധിക തുക ആവശ്യമായി വന്നില്ല. പ്രസ്തുത ശീർഷകത്തിൽ നിന്നും 31.03.2023 വരെ 671.59 ലക്ഷം രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4700 - 13** - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം.)

കുറ്റ്യാടി ജലസേചന പദ്ധതിയിലെ അപകടാവസ്ഥയിലുള്ളതും 50 വർഷം പഴക്കമുള്ളതുമായ കനാലിന്റെയും കനാൽ അനുബന്ധ നിർമ്മിതികളുടെയും 5 വർഷം കൊണ്ട് പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്ന 180 കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങളുടെ നടപ്പ് സാമ്പത്തിക വർഷത്തെ വിഹിതമായി ഈ ശീർഷകത്തിൽ 37 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

**സ്വീകരിച്ച നടപടി**

4700-13-800-97-00 P (v) ശീർഷകത്തിൽ ഡാം, അണ്ടർ ടണൽ, അക്വാഡക്ടുകൾ തുടങ്ങിയവയുടെ നവീകരണ പ്രവൃത്തിയാണ് കൂടുതലായും ചെയ്യുന്നത്. പ്രസ്തുത പ്രവൃത്തിയുടെ ബില്ലുകൾ EMLI സോഫ്റ്റ്‌വെയറിൽ കുടിശ്ശിക ഇനത്തിൽ അപ്‌ലോഡ് ചെയ്ത് LOC ലഭ്യമാകുന്ന മുറയ്ക്ക് ബില്ലുകൾ പേയ്മെന്റ് ചെയ്യുന്നു. പ്രസ്തുത ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം LOC ലഭ്യമായി ചെലവഴിച്ച തുക 269.38 ലക്ഷം രൂപയാണ്. മറ്റ് പ്രവൃത്തികൾ പുരോഗമിക്കുന്നു. അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ**

**4700 - 20 -** <u>വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഇടമലയാർ പദ്ധതി (വാണിജ്യേതരം).</u>

2025- ഓട്ടുകൂടി കമ്മീഷൻ ചെയ്യുന്നതിന് ലക്ഷ്യമിട്ടിരിക്കുന്ന പ്രസ്തുത പദ്ധതിയുടെ ലിങ്ക് കനാലിന്റെ പൂർത്തീകരണത്തിനും കാഞ്ഞൂർ തെക്കും ഭാഗം സംബന്ധിച്ച സ്ഥലമെടുപ്പിനുമായി ഈ ശീർഷകത്തിൽ 47 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

**<u>സ്വീകരിച്ച നടപടി</u>**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പദ്ധതി വിഭാഗം 2, ചീഫ് എഞ്ചിനീയർ 27.07.2022-ൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. എന്നാൽ വിവിധ എൽ.എ.ആർ. കേസുകളുമായി ബന്ധപ്പെട്ട് വിധിക്കട തുക നൽകുന്നതിനായി 4700-20-800-92-P-C ശീർഷകത്തിൽ ആകെ 67,48,000/- രൂപയും എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ 4700-20-001-97-00-01-04-P-V എന്ന ശീർഷകത്തിൽ 2,24,000/- രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ആകെ 20,00,78,487/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

**4700 - 22 -** <u>വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം).</u>

മൂവാറ്റുപുഴ പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാൽ ശൃംഖലയുടെ സംരക്ഷണത്തിനും കുടിശ്ശിക ബില്ലുകൾ മാറുന്നതിനും വിവിധ കോടതികളിൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസുകളുടെ വിധിക്കടം ഒടുക്കുന്നതിനും പ്രസ്തുത പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനുമായി ഈ ശീർഷകത്തിൽ 11.4425 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

**<u>സ്വീകരിച്ച നടപടി</u>**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്റ്റ് കമ്മിറ്റി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി പദ്ധതി വിഭാഗം 2, ചീഫ് എഞ്ചിനീയർ 27.07.2022-ൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചിരുന്നില്ല. എന്നാൽ എസ്റ്റാബ്ലിഷ്മെന്റ് ശീർഷകങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായും വിവിധ എൽ.എ.ആർ കേസുകളുമായി ബന്ധപ്പെട്ട് വിധിക്കട തുക നൽകുന്നതിനായും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനായും വിവിധ ശീർഷകങ്ങളിൽ ആകെ 19,45,87,000/-രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ആകെ 32,70,57,462/- രൂപ ചെലവഴിച്ചിട്ടുണ്ട് .

**ശിപാർശ**

**4700 - 24** - <u>വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - കുരിയാർകുറ്റി- കാരപ്പാറ പദ്ധതി (വാണിജ്യേതരം).</u>

കുരിയാർകുറ്റി - കാരപ്പാറ പദ്ധതിയിൽ SAKKIP-ന്റെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് അംഗീകരിക്കുന്ന മുറയ്ക്ക് ആരംഭിക്കേണ്ടതായ തുടർ പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 90)

**<u>സ്വീകരിച്ച നടപടി</u>**

KERI നടത്തിയ പഠന റിപ്പോർട്ടിന് ലഭിച്ച അനുവാദത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ വിവിധ വശങ്ങളെക്കുറിച്ച് വിവരണവും പഠനവും നടത്തുന്നതിനുള്ള കൺസൾട്ടൻസിയെ വയ്ക്കുന്നതിനായി ടെണ്ടർ വിളിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടാറ്റാ കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് (TCE)എന്ന സ്ഥാപനത്തിന് അംഗീകാരം നൽകുകയും പ്രസ്തുത സ്ഥാപനം സമർപ്പിച്ച Interime report on survey and investigations, Report on planning and design of Hydrolic structure and water conducting system, Report on Project

Alternative layout, Revised interime report on Hydrology and Power എന്നീ റിപ്പോർട്ടുകൾക്ക് അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

SAKKIP പദ്ധതിയുടെ പല ഘടകങ്ങളും നെല്ലിയാമ്പതി വന മേഖലയിൽ വരുന്നതിനാൽ നിക്ഷിപ്ത വന മേഖലയിൽ പ്രവേശിച്ച് സർവ്വേ നടത്തുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അനുമതി ലഭിക്കുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. Geo Technical Investigation -നു വേണ്ടി അപേക്ഷ സമർപ്പിച്ചുവെങ്കിലും ഇതുവരെയും അനുമതി ലഭ്യമായിട്ടില്ല. പ്രീ-ഫീസിബിലിറ്റി റിപ്പോർട്ടിന്റെ കരട് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. 2022-23 സാമ്പത്തിക വർഷം അധിക തുക ആവശ്യമായി വന്നിട്ടില്ല.

**ശിപാർശ**

**4700 - 25** - <u>വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - മൂലത്തറ ആർ. ബി. കനാൽ (വാണിജ്യേതരം)</u>

മൂലത്തറ ആർ.ബി. കനാൽ പദ്ധതിയിൽ രണ്ടാംഘട്ട സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

**<u>സ്വീകരിച്ച നടപടി</u>**

മൂലത്തറ ആർ. ബി കനാൽ പദ്ധതിയിൽ 4 കോടി രൂപ രണ്ടാംഘട്ട സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയതിൽ മുൻവർഷത്തെ സ്ഥലമെടുപ്പിനായി ഉത്തരവായ 4.61 കോടിയുൾപ്പെടെ ആകെ 528.62 ലക്ഷം രൂപ ചെലവഴിച്ചു.

**ശിപാർശ**

**4700 - 28** - <u>വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ബാണാസുര സാഗർ പദ്ധതി (വാണിജ്യേതരം).</u>

ബാണാസുര സാഗർ പദ്ധതിയിലെ വീട്ടിക്കാമൂല, വെണ്ണടിയോട്, കുപ്പാടിത്തറ, കുറുമ്പാല എന്നീ റഗുലേറ്ററുകളുടെ പ്രവർത്തനങ്ങൾക്കും കുടിശ്ശിക തീർപ്പാക്കുന്നതിനും

നടപ്പു സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 18.1128 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

**<u>സ്വീകരിച്ച നടപടി</u>**

ബാണാസുര സാഗർ ജലസേചന പദ്ധതിയിലെ 2022-23 ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ള വെണ്ണിയോട്, കുറുമ്പാല, കുപ്പാടിത്തറ, വീട്ടിക്കാമൂല എന്നീ വിതരണ കനാലുകളുടെ പൂർത്തീകരണത്തിനായി 29.03.2023-ൽ 30.87 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ആയത് പ്രകാരം സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുകയും ചെയ്യുന്നു. സ്പിൽ ഓവർ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി 2022-23 സാമ്പത്തിക വർഷം 543.37 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ**

**4701 - 12-** <u>ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)</u>

അട്ടപ്പാടി പദ്ധതിയുടെ പുനരുജ്ജീവനത്തിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 93)

**<u>സ്വീകരിച്ച നടപടി</u>**

അട്ടപ്പാടി ജലസേചനപദ്ദതിയുടെ നാലാംഘട്ട പരിവേഷണ പ്രവൃത്തികൾക്ക് തുടക്കം കുറിക്കുന്നതിനായാണ് 2022-23 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ 200 ലക്ഷം രൂപയുടെ അധിക സാമ്പത്തികാനുമതിക്കായി അപേക്ഷിച്ചത്. എന്നാൽ നിർദ്ദിഷ്ട ജലസേചന പദ്ധതിയുടെ വിശദമായ പദ്ധതിരേഖ കേന്ദ്ര ജലകമ്മീഷനിൽ നിന്നും അംഗീകരിച്ച് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാലും, ഭവാനി ബേസിൻ കാര്യാലയങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പെടെയുള്ള സാങ്കേതിക വിഭാഗം ജീവനക്കാരുടെ അപര്യാപ്തത മൂലവും തുടർ പ്രവർത്തനങ്ങൾ ഫീൽഡ്

തലത്തിൽ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടായിരുന്നതിനാൽ പ്രസ്തുത പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകൾ സമയ ബന്ധിതമായി തയ്യാറാക്കുവാൻ സാധിച്ചില്ല. 2022-23 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**ശിപാർശ**

**4701 - 13 -** ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- കബനി - കാരാപ്പുഴ പദ്ധതി (വാണിജ്യേതരം)

കബനി-കാരാപ്പുഴ പദ്ധതിയിൽ ഉൾപ്പെടുന്ന വലതുകര കനാലിൽ നിന്ന് ഉത്ഭവിക്കുന്ന 5 ഡിസ്ട്രിബ്യൂട്ടറി കനാലുകളുടെ പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

**സ്വീകരിച്ച നടപടി**

വലതുകര കനാലിൽ നിന്നും ആരംഭിക്കുന്ന പൊങ്ങിണിതൊടി, അരിമുള, വള്ളിപ്പറ്റ, ചീക്കല്ലൂർ, മണിവയൽ എന്നീ വിതരണ കനാലുകളുടെ സ്ഥലം വകുപ്പിന്റെ കൈവശത്തിലാണ്. അരിമുള, പൊങ്ങിണിത്തൊടി ഡിസ്ട്രിബ്യൂട്ടറികളുടെ Hydraulic Particulars സൂക്ഷ്മ പരിശോധന നടത്തിവരുന്നു. ചീക്കല്ലൂർ ഡിസ്ട്രിബ്യൂട്ടറിയുടെ Hydraulic Particulars Sanction ചെയ്തിട്ടുണ്ട്. വള്ളിപ്പറ്റ, മണിവയൽ ഡിസ്ട്രിബ്യൂട്ടറികളുടെ Hydraulic Particulars തയ്യാറാക്കി വരുന്നു. മണിവയൽ, ചീക്കല്ലൂർ ഡിസ്ട്രിബ്യൂട്ടറികളുടെ സോയിൽ ഇൻവേസ്റ്റിഗേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച അഞ്ച് ഡിസ്ട്രിബ്യൂട്ടറി കനാലുകളുടെയും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. 2022-23 സാമ്പത്തിക വർഷം 1612.91 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ**

**4701 - 17-** ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ചേരമംഗലം പദ്ധതി (വാണിജ്യേതരം)

ചേരമംഗലം പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കനാലുകളുടെ പൂർണ്ണമായ പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

**<u>സ്വീകരിച്ച നടപടി</u>**

ചേരാമംഗലം പദ്ധതിയുമായി ബന്ധപ്പെട്ട് കനാലുകളുടെ അറ്റകുറ്റപ്പണികൾക്കായി 2022-23 സാമ്പത്തിക വർഷം 202.38 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അധിക തുക ആവശ്യമായി വന്നില്ല.

**ശിപാർശ**

**4701 - 18- -** <u>ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് (വാണിജ്യേതരം)</u>

ചമ്രവട്ടം പ്രോജക്ടിലെ നവീകരണ പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 2.74 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

**<u>സ്വീകരിച്ച നടപടി</u>**

ചമ്രവട്ടം പ്രോജക്ടിന്റെ സ്പിൽ ഓവർ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ ഭാഗമായി 947.29 ലക്ഷം രൂപയുടെ എൽ.സി. അനുവദിക്കുകയുണ്ടായി. ജീവനക്കാരുട ശമ്പളവും മറ്റു ആനുകൂല്യങ്ങളും നൽകുവാനായി 189.43 ലക്ഷത്തോളം രൂപ അധിക ധനാനുമതിയിലൂടെ അനുവദിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ആകെ 1136.72 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

**4701 - 21 -800-96 -** <u>ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - തോട്ടപ്പള്ളി സ്പിൽവേ (വാണിജ്യേതരം)- മറ്റുചെലവുകൾ - സ്പിൽവേ.</u>

തോട്ടപ്പള്ളി സ്പിൽവേയുടെ നവീകരണവുമായി ബന്ധപ്പെട്ട അടിയന്തര പ്രവൃത്തികൾ എറ്റെടുക്കുന്നതിനായി പുതുതായി അനുവദിച്ച ഈ ശീർഷകത്തിൽ 10

കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 97)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. 2021-22 സാമ്പത്തിക വർഷത്തിൽ വിയപുരം മുതൽ തോട്ടപ്പള്ളി പൊഴി വരെയുള്ള പമ്പാനദിയുടെ ലീഡിംഗ് ചാനലിന്റെ ഇരുകരകളുടെയും സംരക്ഷണത്തിന് രണ്ട് പ്രവൃത്തികൾക്കും കൂടി 70.30 കോടി രൂപയുടെ ഭരണാനുമതി (09.07.2021-ലെ സ.ഉ.(ആർ.ടി)നം.360/2021/ജ.വി.വ.)പ്രകാരം നൽകുകയും പ്രവൃത്തിയുടെ സ്ട്രക്ചറൽ ഡിസൈൻ ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി. തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.ടി പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുവാനുള്ള തുടർ നടപടികൾ സ്വകരിച്ച് വരുന്നു. 2022-23 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**ശിപാർശ**

**4701 - 80 -800-72** -ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ജനറൽ - മറ്റു ചെലവുകൾ - വൻകിട പദ്ധതികളിൽ ഉൾപ്പെട്ട കാഡാ കനാലുകളിലെ ഫീൽഡ് ചാനലുകളുടെയും, ഡ്രൈനുകളുടെയും ആധുനികവത്കരണം.

കാഡാ കനാലുകളുടെ നവീകരണത്തിനായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 98)

**സ്വീകരിച്ച നടപടി**

മലമ്പുഴ പദ്ധതിയുടെ കീഴിലെ കാഡാ കനാലുകളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 400 ലക്ഷം രൂപയ്ക്ക് 35 പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്. ആയതിൽ 23 പ്രവൃത്തികൾ പൂർത്തീകരിച്ച് 495.90 ലക്ഷം

രൂപ ചെലവഴിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ചിറ്റൂർ പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷത്തിൽ 400 ലക്ഷം രൂപയുടെ 34 പ്രവൃത്തികളിൽ 13 പ്രവൃത്തികൾ പൂർത്തീകരിച്ച് 170.01 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. അധിക തുക ആവശ്യമായി വന്നില്ല. 2022-23 സാമ്പത്തിക വർഷം ആകെ 666.91 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**ശിപാർശ**

**4711 - 01 -103-99-(01)** - <u>വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെല് - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ - സിവിൽ പണികൾ - മരാമത്തു പണികൾ</u>

തിരുവനന്തപുരം നഗരം ഒഴികെയുള്ള സംസ്ഥാനത്തെ മറ്റു പ്രദേശങ്ങളിൽ പ്രളയംമൂലം കരയിടിഞ്ഞും മറ്റുമുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 99)

**<u>സ്വീകരിച്ച നടപടി</u>**

ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. അധിക ധനാനുമതിയായി ഫണ്ട് അനുവദിക്കാത്തതിനാൽ ടി ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ അധികമായി പദ്ധതികൾ ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ മുൻവർഷം ഏറ്റെടുത്ത പ്രവൃത്തികൾക്ക് പേയ്മെന്റ് നൽകുന്നതിനായി ആകെ 34,42,60,000/- രൂപ അധിക ധനാനുമതിയായി ലഭിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ആകെ 34,42,56,688/- രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4711 - 01 -103-98-(01)** വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെല് -വെള്ളപ്പൊക്കനിയന്ത്രണം - സിവിൽ പണികൾ - തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ - മരാമത്ത പണികൾ .

തിരുവനന്തപുരം നഗരത്തിലെ കനാലുകളും തോടുകളും വൃത്തിയാക്കി വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുന: വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 100)

**<u>സ്വീകരിച്ച നടപടി</u>**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള അധിക ധനാനുമതിയുള്ള അപേക്ഷ ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. അധിക ധനാനുമതിയായി ഫണ്ട് അനുവദിക്കാത്തതിനാൽ ടി ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ അധികമായി പദ്ധതികൾ ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ മുൻവർഷം ഏറ്റെടുത്ത പ്രവൃത്തികൾക്ക് പേയ്മെന്റ് നൽകുന്നതിനായി ആകെ 3,76,87,000/- രൂപ അധിക ധനാനുമതിയായി ലഭിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ആകെ 3,76,86,617/- രൂപയുടെ ധനവിനിയോഗം നടന്നിട്ടുണ്ട്.

**ശിപാർശ**

**4711 - 01 -800-99** - വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് -വെള്ളപ്പൊക്ക നിയന്ത്രണം - മറ്റു ചെലവുകൾ - ജലാശയങ്ങളുടെ സംരക്ഷണത്തിനും ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിനുമുള്ള സമഗ്ര പാക്കേജ്.

കുട്ടനാട്ടിലെ വേമ്പനാട്, അഷ്ടമുടി എന്നീ തണ്ണീർത്തടങ്ങളിലെ ആവാസവ്യവസ്ഥകളുടെ പാരിസ്ഥിതിക സുരക്ഷ വീണ്ടെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 55 കോടി രൂപ

ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 101)

**സ്വീകരിച്ച നടപടി**

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ സബ്ജക്ട് കമ്മിറ്റി ശിപാർശ പ്രകാരമുള്ള അധിക ധനാനുമതിയ്ക്കുള്ള അപേക്ഷ ധനകാര്യ വകുപ്പിൽ സമർപ്പിച്ചിരുന്നുവെങ്കിലും അധിക തുക അനുവദിച്ചില്ല. അധിക ധനാനുമതിയായി ഫണ്ട് അനുവദിച്ചിട്ടില്ല എന്നിരുന്നാലും 2022-23 സാമ്പത്തിക വർഷം 9410 ലക്ഷം രൂപ വരുന്ന 5 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനായി പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുകയും ആയതിൽ മൂന്ന് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

## **അദ്ധ്യായം II**

**സമിതിയുടെ ശിപാർശകൾക്ക് സർക്കാരിൽ നിന്നും മറുപടി ലഭ്യമാക്കാത്തവ ഇല്ല.**

തിരുവനന്തപുരം,
2023 ആഗസ്റ്റ് 16.

**റോഷി അഗസ്റ്റിൻ,**
ചെയർമാൻ,
സബ്ജക്ട് കമ്മിറ്റി III